നാരദൻ.

ഗ്രന്ഥകർത്താ:

എം. കെ. ശങ്കരപ്പിള്ള.

പ്രസാധകൻ:

എൻ. വെങ്കിടസുബ്രഹ്മണ്യയ്യർ.

THE SARASWATHI VILASAM
BOOK DEPOT
TRICHUR.

Price 6 Annas.) (വില 6 ണ.

പകർപ്പവകാശം പ്രസാധകനുള്ളതാകുന്നു.

പ്രസ്താവന.

'പാളേട്ടത്തവരെല്ലാം വെളിച്ചപ്പാട'ന്മാരെന്നു പറഞ്ഞപോലെ തൂലികയെടുത്തവരെല്ലാം ഗ്രന്ഥകാരന്മാരായിത്തീൎന്നിരിക്കുന്ന കാലമാണിതു്. ഇക്കാലത്തു് ഒരു പുസ്തകമെഴുതിയാൽ അതിനു മുഖവുര, അവതാരിക, ആമുഖോപന്യാസം, പീഠിക, പ്രസ്താവന ഈ വകകളിൽ ഏതെങ്കിലും ഒന്നുരണ്ടെണ്ണംകൂടി വേണമെന്നാണു വെച്ചിരിക്കുന്നതു്. പുസ്തകമെഴുതി പ്രശസ്തിനേടാമെന്നു കരുതുമ്പോലെതന്നെ അവതാരികയെഴുതി പ്രസിദ്ധി സമ്പാദിച്ചുകളയാമെന്നു പലരും ധരിച്ചവരായിട്ടുണ്ടു്. പക്ഷേ ഇങ്ങിനെയുള്ള യോഗ്യന്മാരെ ശരിക്കു കണ്ടുപിടിക്കാനും, അവരെക്കൊണ്ടു വല്ലതുമൊന്നെഴുതിക്കാനും പെരുത്തു പണിയുണ്ടെന്നു പരീക്ഷിച്ചുനോക്കീട്ടുള്ള പലരും പറഞ്ഞുകേട്ടിട്ടുണ്ടു്. ഒരു പീഠികയോ മറ്റോ ചമച്ചുകളയാമെന്നുവെച്ചാൽ അത്രയ്ക്കുള്ള കെല്പോ, വ്യുല്പത്തിയോ ഇയ്യുള്ളവനില്ലതാനും. ഏതായാലും ഈവക ബുദ്ധിമുട്ടുകളൊന്നും കഴികയില്ലെന്നു കരുതിയാണു രണ്ടും കല്പിച്ചു ഞാൻതന്നെ ഒരു പ്രസ്താവനയെഴുതിയുണ്ടാക്കാമെന്നു തീരുമാനിച്ചതു്.

ഇപ്പുസ്തകത്തിൻെറ ഉത്ഭവത്തെപ്പററി എനിക്കത്ര വളരെ കഥകളൊന്നും പറയേണ്ടതായിട്ടില്ല. പുരാതനഭാരതീയപരമഹംസന്മാരുടെ പാവനകഥാകഥാ

ത്തിൽ കൌതുകമുള്ള കേരളീയമഹാജനങ്ങൾ "നാരദ" ൻെറ നേരെ നിരസംഭാവിക്കയില്ലെങ്കിൽ പ്രസ്തുതപുസ്തകകൎത്താവിനും യഥാൎത്ഥമായ ചാരിതാൎത്ഥ്യത്തിനവകാശമുണ്ടു്. വ്യാകരണസംബന്ധമായും മററും വിലയേറിയ പല ഉപദേശങ്ങളും തന്നു് എന്നെ പ്രോത്സാഹിപ്പിച്ചതിനു് ആധുനികവൈയാകരണന്മാരിൽ അഗ്രഗണ്യനായ ബ്രഹ്മശ്രീ സി. എൻ. എ. രാമയ്യാശാസ്ത്രി എം. എ. അവർകളോടു് എനിക്കുള്ള അപാരമായ കൃതജ്ഞതയേയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

എന്നു്

ഗ്രന്ഥകൎത്താവു്,

ആലങ്ങോട്ടു്, എം. കെ. ശങ്കരപ്പിള്ള.

നാരദൻ.

നാഴികതികച്ചൊരിടത്തും ഒരിക്കലും പാഴവാൻ സമയമൊ, സൌകൎയ്യമൊ ഇല്ലാതെ ഏഴുരണ്ടു ലോകത്തിലും ഏഷണിപറഞ്ഞു നടന്നു കണ്ടവരെയൊക്കെ "ചെണ്ട കൊട്ടിക്കുന്ന" "കുണ്ടാമണ്ടിക്കാരൻ" ആണു നാരദൻ എന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അവൎക്ക് അബദ്ധം പിണഞ്ഞുപോയെന്ന് സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. പരഭൃതപഞ്ചമരാഗംപോലെ പരമാനന്ദപ്രദമായ സ്വരമാധുരിയാൽ ശ്രോതാക്കളെ അപഹൃതചിത്തവൃത്തികളാക്കിത്തീൎത്തു ലോകാനുഗ്രഹലോലുപവും ഭക്തിപരവശവുമായ ഹൃദയത്തോടുകൂടി സകലലോകവും ചുറ്റിസ്സഞ്ചരിച്ച് ഒരു പ്രതിദിനപത്രമെന്നോണം വൎത്തമാനവിതരണകൃത്യം നടത്തിയിരുന്ന വീണാപാണിയായ നാരദമഹാമുനിയുടെ സുമധുരനാമധേയം "ഏഷണിക്കാരൻ" എന്ന പദത്തിന്റെ പൎയ്യായമായിത്തീൎന്നതെങ്ങിനെയാണെന്നുള്ള പ്രശ്നം പുരുഷസിംഹന്മാരായ അമരസിംഹന്മാരെപ്പോലും വിഷമിപ്പിക്കുന്നതത്രേ.

"ഏഷണിക്കൂട്ടം നാരദനെന്നൊരു-
ദൂഷണമുണ്ടു നമുക്കിഹ പണ്ടേ
ഘോഷന്മാരതുപറയും ചെറുവി-
ശേഷജ്ഞന്മാർ പറകയുമില്ല"

എന്നു നാരദൻതന്നെ ഏററുപറയുന്ന സ്ഥിതിക്ക് ഭോഷന്മാരായ ദോഷൈകദൃക്കുകളുടെ വാക്കുകൾ ശക്തിഹീനമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. കൺമുനകാട്ടി കലഹമുണ്ടാക്കുവാൻ വേണ്ട നെഞ്ഞുറപ്പും, സാമത്ഥ്യവുമുണ്ടെന്നു പലരും സമ്മതിച്ചു സട്ടിഫിക്കററു കൊടുത്തിട്ടുണ്ടെങ്കിലും, ബുദ്ധിമുട്ടിക്കഴയുന്ന മനുഷ്യർക്ക് ശുദ്ധമാഗ്ഗോപദേശം ചെയ്യുവാൻ വിരുതനെന്നുള്ള സമ്മതപത്രംകൂടി നാരദനു കൊടുക്കുവാൻ അധികംപേക്കും ഇഷ്ടമില്ലാതെയാണിരിക്കുന്നത്. കലഹമുള്ള സ്ഥലത്തെല്ലാം അലഞ്ഞു നടന്നു കണ്ണിൽകാണുന്ന "കുരുത്തംകെട്ട" വരെ കുഴിയിൽ ചാടിച്ചു "കണ്ടില കേട്ടില"യെന്നു നടിച്ചിട്ടുള്ളതിന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന പൊരുളുകൂടി മനസ്സിലാക്കുവാൻ, പലരും വൈമനസ്യം പ്രദശിപ്പിക്കുന്നു. അതു നാരദനുള്ള ദോഷമായി വരുവാൻ ഇടയില്ലല്ലോ.

നാരദൻ ബ്രഹ്മാവിന്റെ പുത്രനാകുന്നു. ദേവമഹഷിമാരിൽ അഗ്രഗണ്യസ്ഥാനത്തിനവകാശി നാരദനാണെന്നുള്ള സംഗതി വിവാദവിഷയമായി പരിണമിച്ചാൽപോലും പ്രയാസലേശം കൂടാതെ പ്രസ്ഥാപിക്കാവുന്നതാണ്. അദ്ദേഹം അയോനിജനാണെന്നൊരു വിശേഷംകൂടിയുണ്ട്. ലോകപിതാമഹന്റെ മാനസികപുത്രനാണ് നാരദൻഎന്നൊരഭിപ്രായവും പ്രബലമായിത്തീന്നിട്ടുണ്ട്. ഭക്തിയുടെ ശക്തിയും, യുക്തിയും അറിവാനും, അനുഭവിക്കുവാനും, നാരദനെപ്പോലെ അധികമപേക്ക് കഴിഞ്ഞിട്ടില്ല. സരസ്വതീദേവിയുടെ സ്തനന്ധയങ്ങളായ സമ

ഗീതവും, സാഹിത്യവും നാരദന്റെ കൈവശത്തിലാണെന്നു പറഞ്ഞാൽ ആലങ്കാരികന്മാർ ആവലാതി പറയുമോ എന്ന ശങ്കയ്ക്കുതന്നെ അവകാശമില്ല. സംഗീതഗംഗാതരംഗത്തിൽ ആറാടി അഭംഗതുംഗമായ ആമോദമനുഭവിച്ചുകൊണ്ടിരുന്ന ഈ ഋഷിപുംഗവൻ എങ്ങും പ്രശോഭിച്ചുകൊണ്ടിരുന്ന ഒരു മംഗലദീപം തന്നെയായിരുന്നു. കക്കശങ്ങളായ തക്കങ്ങളിലും, ഭംഗിയില്ലാത്ത സംഗതികളിലും കണ്ണോടിച്ചു കമനീയമായ കരളിനെ കലുഷമാക്കാതെ പ്രകൃതിയുടെ അകൃതകരാമണീയകതയെ സസൂക്ഷ്മം നിരീക്ഷിച്ചു് അപ്രതിഹതമായ ആനന്ദപാരവശ്യത്തോടുകൂടി ലോകമാസകലം സഞ്ചരിച്ചുകൊണ്ടിരുന്ന ഈ മഹഷിവര്യ്യൻ രചിച്ചിട്ടുള്ള "നാരദസ്മൃതി" മധുരോദാരഗംഭീരവും, കാവ്യസാരസമ്പൂർണ്ണവുമായ ഒരു മഹൽ ഗ്രന്ഥമത്രേ. പ്രപഞ്ചവിപഞ്ചികയുടെ മൃദുലതന്ത്രികളിൽ വിലീനങ്ങളായകവിതാഗീതങ്ങളെ വികസ്വരമാക്കിസ്വകപോലകല്പിതമെന്നോണം പ്രയോഗിച്ചു ഫലിപ്പിക്കുന്നതിൽ നാരദനു പ്രശംസാവഹമായ വാസനയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയവീണയിൽനിന്നും പുറപ്പെട്ടിട്ടുള്ള മധുരസ്വനങ്ങൾ ഭക്തി, പ്രേമം, ത്യാഗം എന്നിവയുടെ മാഹാത്മ്യത്തേയും, മനോഹാരിതയേയും പ്രസ്പഷ്ടമാക്കുന്നു. മുജ്ജന്മത്തിൽ ശൂദ്രനായി ജനിച്ചെങ്കിലും സാധുസംസർഗ്ഗംകൊണ്ടു ബാല്യത്തിൽതന്നെ ഭക്തിമാർഗ്ഗത്തെ പ്രാപിച്ചു നാരദൻ സാവധാനത്തിൽ ഉയർന്നുയർന്നു് അപാരമായ തപശ്ശക്തികൊണ്ടു് ഒടുവിൽ ദേവർഷിയായിത്തീന്നു.

നാരദന്റെ നിറം ഏററവും വെളുപ്പാണ്. സ്വൎണ്ണവൎണ്ണത്തിലുള്ള നീണ്ട ജടകളും, സ്ഫടികാക്ഷമാലകളും ഭൂതിഭൂഷിതമായ വിശാലലലാടവും അദ്ദേഹത്തിന്റെ ഒരു പ്രത്യേകതേജസ്സിനെ പ്രദാനം ചെയ്യുന്നവയാണ്. മററു മഹർഷിമാരിൽനിന്ന് ഏററവും വ്യത്യസ്തമായ ഒരു രീതിയിലാണ നാരദനെ കാണുന്നത്. കൂട്ടുകാരിൽ ചിലരെപ്പോലെ കോപാവേശത്താൽ മതിമറന്ന് എന്തും പ്രവൎത്തിക്കുന്ന ഭ്രാന്ത് അദ്ദേഹത്തിനശേഷമില്ലെന്നുള്ളത് ഒരു വിശേഷംതന്നെയാണ്. ശപിക്കുകയെന്നുള്ള ആ ശനിപിടിച്ച പണി അദ്ദേഹത്തെ നന്ന കുറവായേ ബാധിച്ചിട്ടുള്ളൂ. ദുൎവ്വാരശാപാനലനെ സൎവ്വസമയവും കൂടെ കൊണ്ടുനടക്കുന്ന സാക്ഷാൽ ദുൎവ്വാസാവിനെപ്പോലും പ്രശാന്തചിത്തനാക്കുവാൻ നാരദന്റെ നിതാന്തശാന്തതയ്ക്കു കഴിഞ്ഞിട്ടുണ്ട്. രണ്ടാംവാക്കിനു കേറിയടിക്കുന്ന ശുണ്ഠിയെന്നുള്ളതെന്താണെന്ന് അദ്ദേഹത്തിന്റെ പ്രവൃത്തികളിൽനിന്നു വെളിവാകുന്നില്ലതന്നെ. നളകൂബരനും, മണിഗ്രീവനും മാത്രമേ ഇദ്ദേഹത്തിന്റെ ശാപത്തിനു ലാക്കായിട്ടുള്ളൂ. ഈ വിഷയത്തിലും മഹർഷിമാൎക്കു സ്വതസ്സിദ്ധമായ തപശ്ശക്തിയെ അദ്ദേഹം നേരമ്പോക്കായിട്ടത്രേ വിനിയോഗിച്ചത്. "ധനാധിനാഥന്റെ കുമാരന്മാ"രായ അവർ രണ്ടുപേരും വിഷയലമ്പടന്മാരായി വെറും മൃഗീയജീവിതം നയിക്കുന്നതിനെ കണ്ട് അവരെ പരിഷ്കൃതരാക്കുവാൻ വേണ്ടി "കുറച്ചുനാളിങ്ങനെ വൃക്ഷങ്ങളായി കഴിച്ചുകൂട്ടുവിൻ" എന്നാണ മഹർഷി ശപിച്ചത്. യാതൊരു ബദ്ധപ്പാടും കൂ

ട്ടാതെ മോചനത്തിനുള്ള വഴി ഉപദേശിക്കുകയും, തദ്വാരാ ശ്രീകൃഷ്ണൻ ശാപത്തെ പരിഹരിച്ചു് അവരെ ഭക്തന്മാരാക്കിത്തീൎക്കുകയും ചെയ്തു.

വാല്മീകിക്കു രാമായണോപദേശവും, വ്യാസനു ഭഗവതോപദേശവും ചെയ്തു പുരാണപാരായണപരായണന്മാരെ അനുഗ്രഹീതരാക്കിത്തീൎത്തതു ശ്രീനാരദനാകുന്നു. തന്റെ മകന്റെ വിശാലഹൃദയത്വത്തെപ്പററി വേണ്ടപോലുള്ളറിവുള്ള ബ്രഹ്മാവു പ്രമാണപ്പെട്ട പല പ്രമേയങ്ങളും നാരദൻ മുഖേനയാണു പ്രചരിപ്പിച്ചിട്ടുള്ളതു്. കലിശമനൌഷധമായ "കലിസന്താരണോപനിഷത്തു്" നാന്മുഖൻ തന്മകനായ നാരദനാണു് ആദ്യമായി ഉപദേശിച്ചതു്. പ്രസ്തുതോപനിഷത്തു നിത്യപാരായണം ചെയ്യുന്ന മൎത്ത്യൻ ഉത്തമോത്തമനായി തീരുമെന്ന തത്വം പ്രഥമമായി പ്രതിപാദിച്ചു ഭക്തന്മാരെ മുക്തന്മാരാക്കുവാനുള്ള ഭാഗധേയം ശ്രീനാരദമഹൎഷിക്കു മാത്രമേ ലഭിച്ചിട്ടൊള്ളൂ.

മഹതി എന്നു പേരായ തന്റെ വീണയും വായിച്ചു നാദബ്രഹ്മരസാനുഭൂതിയിൽ മുഴുകി സ്ഥിതിചെയ്യുന്നതു് ഇദ്ദേഹത്തിനൊരു പ്രത്യേകരസമായിരുന്നു. സംഗീതവിഷയത്തിൽ ഇദ്ദേഹത്തിന്റെ കൂട്ടുകാരൻ തുംബുരുവാകുന്നു. അംബരചാരിയായ തുംബുരുവിനു നാരദനുമായുള്ള സമ്മേളനം എത്ര ബ്രഹ്മാനന്ദപ്രദമായിരുന്നുവെന്നുള്ളതിനു് "നരനാരായണ"ന്മാരെപ്പോലുള്ള അവരുടെ പെരുമാററംതന്നെ സാക്ഷ്യംവഹിക്കുന്നുണ്ടു്. സഞ്ചരിക്കുവാനും, പാട്ടുപാടുവാനും, രസിക്കുവാനും, രസിപ്പിക്കുവാനും അശേഷം പ്രയാസമില്ലാത്ത ഈ രണ്ടുകൂട്ടുകാരുംകൂടി

എത്ര ഉല്ലാസമായിട്ടാണു കാലം കഴിച്ചുകൂട്ടിയതെന്നു് അവർക്കുമാത്രമേ അറിഞ്ഞുകൂടു. ആരെങ്കിലും വല്ല അത്ഭുതപ്രവൃത്തിയും ചെയ്യാൻ പോകുന്നുവെന്നു കേട്ടാൽ ഈ സഹൃദയശിരോമണികളായ സ്നേഹിതന്മാർ കാലേക്കൂട്ടി സ്ഥലം പിടിക്കുമെന്നുള്ളതു തീർച്ചയാണു്. എന്തെങ്കിലും വിശേഷസംഭവമുണ്ടെങ്കിൽ നാരദനെ അവിടെത്തന്നെ അന്വേഷിക്കണം. ഒരിടത്തു് ഒതുങ്ങിയിരിക്കുകയെന്നുള്ളതു നമ്മുടെ മുനിക്കു പ്രാണസങ്കടമാണു്. രസമിരിക്കുന്ന ദിക്കുകളിലെല്ലാം തിക്കിത്തിരക്കിക്കൂടുവാൻ ഈ സരസനുള്ള വാസന പ്രശംസാവഹമെന്നു സമ്മതിച്ചേതീരൂ. തപശ്ശക്തിയുടെ പ്രാബല്യംകൂടാതെതന്നെയും നരകത്തിൽ ലോകത്തെ പണിചെയ്യുവാൻ വിരുതുള്ള വിശ്വകർമ്മാവാണു നാരദൻ. താൻ അപാരമായ തപശ്ശക്തിയെ ആർജ്ജിച്ചിട്ടുണ്ടെന്നോ, മനുഷ്യരെ മൃഗങ്ങളാക്കിത്തീർക്കുവാനുള്ള "ലൈസൻസു" തന്റെ കൈവശമുണ്ടെന്നോ ഉള്ള ഭാവന അദ്ദേഹത്തിനു ലവലേശമില്ലായിരുന്നു. ഇത്ര കൃത്യനിഷ്ഠയും, രസഗ്രഹണചാതുര്യവുമുള്ള മറ്റൊരാളെ കണ്ടുകിട്ടുവാൻ വളരെ ഞെരുക്കമാണു്. യുദ്ധംചെയ്യുന്ന ഇരുകക്ഷികളെയും ഒന്നുപോലെ പുകഴ്ത്താനും, ജയാപജയങ്ങളെയും, ധർമ്മാധർമ്മങ്ങളെയും കർശനമായി വിമർശനം ചെയ്യാനും നാരദനുള്ള വൈഭവം ഒന്നു വേറെതന്നെയായിരുന്നു. യുദ്ധമെന്നുള്ള ശബ്ദംതന്നെ ഇത്ര മുഗ്ദ്ധമധുരമായിത്തോന്നിട്ടുള്ള മറ്റൊരാളുണ്ടെന്നു പറവാനില്ല.

"ഈരേഴുലകിന്നുപോരായ ഗുരുവിൻ നാരായവേ

രായ നാരായണന്റെ" ചരിത്രങ്ങളെല്ലാം ഇത്രത്തോളം സ്പഷ്ടമായി മനസ്സിലാക്കിയ ഒരാളെ ചൂണ്ടിക്കാണിക്കുവാൻ പ്രയാസമാണ്. വല്ല മുക്കിലും, മൂലയിലും ചെന്നു കണ്ണുമടച്ചു ജപിച്ചിരിക്കാതെ ശ്രീകൃഷ്ണഭഗവാനെ നേരിട്ടു കാണുവാനും, ആ മറപ്പൊരുളിന്റെ മറിമായങ്ങളെ അറിയുവാനുമായി നാരദൻ അധികസമയവും ചിലവഴിച്ചുവന്നു. ഭഗവൽ ഭക്തന്മാരിൽ അദ്വിതീയനും, സംഗീതകലാകുശലനുമായ നാരദനെ കാണുന്നതു കണ്ണന്റെ കണ്ണിനു കനകാഭിഷേകമായിരുന്നു. ഭഗവാൻ പലപ്പോഴും നാരദനെ കളിയാക്കുകയും, പരീക്ഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, അതെല്ലാം തന്റെ സാർവ്വതോമുഖമായ അഭ്യുന്നതിയെ നിദാനമാക്കിയാണെന്നു് അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. പതിനാറായിരത്തെട്ടു സ്ത്രീകളുടെ പതിയായ പരംപുരുഷൻ അതിമാനുഷനാണെന്നുള്ള വാസ്തവം പ്രസ്തുത മഹർഷിസത്തമന് അസ്സലായിട്ടറിയാമെങ്കിലും അദ്ദേഹമൊരുവൻ ഒരേസമയം "അനവധി മതിമുഖിമാരോടുകൂടി രമിക്കു"ന്നതിന്റെ കൗശലം ഒന്നു കണ്ടുപിടിക്കണമെന്നു നിശ്ചയിച്ചു. ശ്രീകൃഷ്ണൻ ദ്വാരകയിൽ സുഖമായി വസിക്കുന്ന കാലത്തു് ഒരു ദിവസം നാരദൻ അവിടെ എഴുന്നള്ളി. അദ്ദേഹം ആളറിയിക്കാതെ അസ്വസ്ഥചിത്തനായി അവിടെയെല്ലാം ചുറ്റിനടന്നുനോക്കി. "പുത്തൻമണിമാളികമുകളി"ൽ കയറി പുരുഷോത്തമന്റെ ശയനഗൃഹം കണ്ടപ്പോൾ തന്നെ ഭക്തോത്തംസമായ നാരദൻ രോമാഞ്ചക

ഞ്ചുകിതനായി. അദ്ദേഹം വിവിധവികാരപരമ്പരകൾക്കു വിധേയനായിത്തീൎന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ ആനന്ദബാഷ്പം നിറഞ്ഞു. മുരളീധരനായ കരിമുകിൽവൎണ്ണന്റെ നിരുപമമഹിമാവിനെ നിരീക്ഷിക്കുവാനുള്ള കാംക്ഷ കലശലായിത്തുടങ്ങി. ജാലകത്തിന്റെ ഇടയിൽകൂടിയും, കതകിന്റെ ഉള്ളിൽക്കൂടിയും മററും ഓട്ടക്കണ്ണിട്ടുനോക്കി, അദ്ദേഹം പല സംഗതികളും മനസ്സിലാക്കി. ഒരിടത്തു ചെന്നപ്പോൾ ശ്രീകൃഷ്ണൻ ഒരു സുന്ദരീരത്നവുമായി ചതുരംഗം വെച്ചു രസിക്കുന്നു. അതേസമയംതന്നെ മറെറാരു തരുണീമണിയുമായി പകിടകളിച്ചു വിനോദിക്കുന്നു. മറെറാരു യുവതിയോടു കാമകേളിയിൽ തനിക്കുള്ള സീമാതീതമായ വൈദഗ്ദ്ധ്യത്തെ പ്രശംസിച്ചു പറയുന്നു. മറെറാരിടത്തു നോക്കിയപ്പോൾ ഒരു കററവാർവേണി വെററില തെറുത്തു് കൃഷ്ണനു കൊടുക്കുന്നു. കലഹലഹരിയിൽ ലീനയായ ഒരു ചലമിഴിയുടെ ലലാടത്തിൽ തിലകം തൊടുവിക്കുന്ന ബലഭദ്രാനുജനെയാണു മഹൎഷി എതിരെയുള്ള ഭവനത്തിൽ കണ്ടതു്. അന്യഭവനത്തിൽ ചെന്നപ്പോൾ ഒരു കന്യകാരത്നത്തിന്റെ മന്ദസ്മേരമധുരമായ മുഖകമലം ഒരിക്കലും മതിയാകാത്ത മാതിരിയിൽ സൂക്ഷിച്ചു വീക്ഷിക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണനെത്തന്നെ കാണുന്നു. സഹൎഷനായ മഹൎഷി, പതിനാറായിരത്തെട്ടു ഭവനങ്ങളിലും സ്വൎണ്ണവൎണ്ണാംഗിമാരായ മറിമാൻകണ്ണിമാരോടുകൂടി സല്ലാപാദിസുഖങ്ങളിൽ വിലീനമാനസനായിസ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണഭഗവാന്റെ സൎവ്വാതിശാ

യിയായ മാഹാത്മ്യത്തെ പാഴ്ത്തി സ്തുതിച്ചു. ഭഗവാന്റെ
സാർവ്വവ്യാപിത്വത്തെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന വി
ശ്വാസം ദൃഢതരമായിത്തീർന്നു. മുനി മാനസത്തിലും, വ
നിതാകുചത്തിലും ഇരുന്നരുളുന്ന മാധവന്റെ മറിമായങ്ങ
ളെല്ലാം അതേരൂപത്തിൽത്തന്നെ അറിയുവാൻ ഇടവ
ന്നതിൽ മഹർഷിക്കു യഥാർത്ഥമായ ചാരിതാർത്ഥ്യമുണ്ടാ
യി. എന്നാൽ എന്തെങ്കിലും ഒരു നേരമ്പോക്കുണ്ടാക്കണ
മെന്നുതന്നെ അദ്ദേഹം നിശ്ചയിച്ചു. വിസ്മിതനും, സുസ്മി
തനുമായ നാരദൻ രുഗ്മിണിയെത്തന്നെ കളിപ്പിക്കാമെ
ന്നു കരുതി. വിനോദലോലുപനായ മഹർഷി മധുരമസൃണ
മായ മന്ദാക്ഷത്തോടുകൂടി രുഗ്മിണിയെ അരികൽ വി
ളിച്ചു. രുഗ്മിണിയാകട്ടെ വിനയാദരപുരസ്സരമായ ഒരു
കുളുർപുഞ്ചിരികൊണ്ടു മഹർഷിയെ അഭിവാദ്യം ചെയ്തു.
അദ്ദേഹം ഇപ്രകാരം പ്രസംഗം ആരംഭിച്ചു. അല്ലയോ രു
ഗ്മിണി നിനക്കു മംഗളം ഭവിക്കട്ടെ. ഭഗവാന്റെ പതി
നാറായിരത്തെട്ടു പത്നിമാരിൽ പ്രഥമഗണനീയയായി
പ്രശോഭിക്കുന്നവൾ നീ തന്നെയാകുന്നു. നിന്റെ തരളാ
ധരങ്ങളിൽ തുളുമ്പുന്ന കുളുർമന്ദഹാസചന്ദ്രിക ദ്വാരകാ
പുരിയെ പ്രഭാപൂരപരിവേഷ്ടിതമാക്കുന്നു. പല്ലവകോമള
മായ തന്റെ തല്പജത്തിൽ കല്പിനൊത്ത ഹൃത്തു ചമച്ചുവച്ച
വിധാതാവുംകൂടി വിശുദ്ധിവിളനിലമായ നിന്നെ സ്തുതിച്ചു
പറയുന്നു. കൃഷ്ണനു നിന്റെപേരിൽ സീമാതീത
മായ പ്രേമമുണ്ടു്. ഭർത്തൃപ്രേമപരവശയായ നിന്റെ
സ്ഥാനം തട്ടിയെടുക്കാൻ ഒരുത്തി കഠിനപരിശ്രമം ചെ

ച്ചുന്നു. അവൾ സത്യഭാമയല്ലാതെ മറ്റാരുമല്ല. മന്ത്രമോ, തന്ത്രമോകൊണ്ട് അവൾ കൃഷ്ണന്റെ ഹൃദയത്തെ അപഹരിച്ചുകളഞ്ഞു. മുകുന്ദൻ അമരേന്ദ്രനെ പോരിൽജയിച്ച് ആരുമേതുമറിയാതെ പാരിജാതതരുവിനെ കൈവശത്തിലാക്കി ഇതാ സത്യഭാമയുടെ മന്ദിരത്തിൽ നട്ടുവളർത്തിയിരിക്കുന്നു. അവളുടെ മന്ദിരാങ്കണം കല്പകവൃക്ഷപ്പൂമലർകൊണ്ടു പ്രശോഭിതമായിരിക്കുന്നു. ഹാ! തൂമണം തൂകുന്ന ആ കോമളകുസുമങ്ങളിൽ ഒരെണ്ണമെങ്കിലും നിന്റെ കബരീഭരത്തിൽ തിരുകുവാൻ നിനക്കു യോഗമില്ലെന്നുണ്ടോ?

എത്രതന്നെ ദിവ്യത്വമുണ്ടായാലും അബലയായ രുഗ്മിണി നാരദന്റെ വാക്കുകേട്ട് ആതുരയായിത്തീർന്നു. ആ ലാവണ്യസമുദ്രം ശോകസമുദ്രത്തിൽ മഗ്നയായി. താൻ ജീവിതസർവ്വസ്വമായി കരുതി ആരാധിക്കുന്ന പ്രാണപ്രിയതമൻ തന്നെ ഉള്ളഴിഞ്ഞു സ്നേഹിക്കുന്നില്ലെന്നറിഞ്ഞ് ആ സാധ്വിയുടെ ഹൃദയം നീറിയെരിഞ്ഞു. ആരുടെ പാവനപ്രേമത്തെയാണോ താൻ കൊതിക്കുകയും, അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്—ആരുടെ സ്മരണയാണോ തന്നെ സ്വർഗ്ഗീയസുഖമനുഭവിപ്പിച്ചുകൊണ്ടിരിക്കുന്നത്— ആ ഹൃദയവല്ലഭൻ തന്നോട് ഇത്ര നിഷ്ക്കരുണമായ രീതിയിൽ പെരുമാറിയതോർത്തു രുഗ്മിണിയുടെ നയനങ്ങളിൽനിന്നു കണ്ണുനീർ ധാരധാരയായി ഒഴുകി. അതാ! അവളുടെ പേലവകപോലഫലകങ്ങളിൽ ആരോ ചുംബനം ചെയ്യുവാൻ കുനിയുന്നു. അതാരാ.

ന്? അത് അവളുടെ ഹൃദയത്തെ വെണ്ണീറാക്കാൻ തുട
ങ്ങുന്ന ഉണ്ണിക്കണ്ണനല്ലാതെ മററാരുമല്ല. കൃഷ്ണനെക്കാണു
മ്പോറം "മുഴുതിങ്കളുദയേന കുമുദമെന്ന"തുപോലെ വിക
സിതമാകാറുള്ള രുഗ്മിണിയുടെ മുഖം ഇപ്പോഴിതാ വാടി
ക്കരിഞ്ഞിരിക്കുന്നു. കൃഷ്ണനു കാര്യമെല്ലാം മനസ്സിലായി,
"പ്രേമക്രോധക്ഷുഭിത"യായ പ്രിയതമയെ സാമ്യവാക്കു
കറാകൊണ്ട് ആമോദഭരിതയാക്കിത്തീക്കുവാൻ അദ്ദേഹ
ത്തിന് അത്യധികം പണിപ്പെടേണ്ടിവന്നില്ല. സ്വൈര
സംഭാഷണസുധാപാനലഹരിയിൽ ലീനയായ രുഗ്മിണി
സുമധുരസുന്ദരമന്ദഹാസത്താൽ പ്രശോഭിതയായിത്തീ
ന്നു. പണ്ടത്തെ പ്രസരിപ്പും, പ്രൗഢിയും അവളുടെ മുഖ
ത്തിൽ കളിയാടി.

പണ്ടില്ലാത്ത ഒരു രത്നസ്പൃഷ്ടിയാണു താനെന്നൊരു
ഭാവം രുഗ്മിണിക്കുണ്ടെന്നു കൃഷ്ണനു മുൻപേതന്നെ അറിയാ
മായിരുന്നു. എന്നാൽ ആ അഹംഭാവതിമിരത്തെക്കൂടി ശ
മിപ്പിക്കണമെന്നുതന്നെ അദ്ദേഹം നിശ്ചയിച്ചു. തന്റെ
വാഹനമായ ഗരുഡനെ അരികിൽ വിളിച്ചു കദളീവന
ത്തിലിരിക്കുന്ന ഹനുമാനെ കൂട്ടിക്കൊണ്ടുവരുവാൻ ആ
ജ്ഞാപിച്ചു. ഗരുഡൻ ഉടൻതന്നെ കദളീവനത്തിലേക്കു
യാത്രയായി. അവിടെച്ചെന്നു ശ്രീകൃഷ്ണഭഗവാന്റെ നിദേ
ശമറിയിച്ചു. രഘുനായകഭക്തനായ മാരുതിയാകട്ടെ രാ
മചന്ദ്രന്റെ ദൂതനായ താൻ വെണ്ണയും, പാലും കവർന്നു
ഭുജിക്കുന്ന കണ്ണന്റെ ആജ്ഞയെ തൃണംപോലെ വകവ
ച്ചിരിക്കുന്നുവെന്നു സധൈര്യമറിയിച്ചു. തന്റെ സ്വാമി

ദയെ അധിക്ഷേപിച്ചതിനെ ശ്രവിച്ചു രോഷകഷായിതനായ ഗരുഡൻ പവനതനയനോടു യുദ്ധത്തിനൊരുമ്പെട്ടു. ഹനുമാൻ വിനതാസുതനെ കണക്കിനു പ്രഹരിച്ചു. രജനീചരഭഞ്ജനനായ അഞ്ജനാപുത്രന്റെ തല്ലുകൊണ്ടു് അല്ലൽമുഴുത്ത ഗരുഡൻ ഭഗവാനെ അഭയം പ്രാപിച്ചു. ഭയലജ്ജാതരളിതചിത്തനായ ഗരുഡൻ യദുകുലനാഥന്റെ പാദസരോജത്തിൽ വീണു വണങ്ങി സങ്കടമെല്ലാമുണർത്തിച്ചു. മടവാരുടെ വീട്ടുപണിചെയ്യുന്ന ഇടയച്ചെറുക്കന്റെ ദൂതനെന്ന നിലയിൽ തനിക്കു ഹനുമാനിൽനിന്നു കിട്ടിയ സമ്മാനമെല്ലാം ഗരുഡൻ ശ്രീകൃഷ്ണനെ കാണിച്ചു. ഉദ്ധതനായ മാരുതപുത്രന്റെ കുത്തും, തല്ലും മടിയുമിടിയുമേറ്റു പരവശനായ അരുണസഹജനെക്കണ്ടു ഭഗവാൻ പുഞ്ചിരിതൂകി. പരാക്രമശാലിയായ പവമാനപുത്രനോടു നേരിട്ടതു സാഹസമായിപ്പോയെന്നും, ഭുവനം മൂന്നിലും അവനെ ജയിപ്പാനാരുമില്ലെന്നും പറഞ്ഞു ശ്രീകൃഷ്ണൻ ഗരുഡനെ സമാധാനപ്പെടുത്തി. ശ്രീരാമഭക്തൻ ദ്വാരകയിൽ എഴുന്നള്ളിയിട്ടുണ്ടെന്നുള്ള വിവരം ഹനുമാനെ അറിയിക്കുവാൻ അദ്ദേഹം ഗരുഡനു് അനുമതി നൽകി. ഗരുഡൻ ഗന്ധമാദനമഹാഗിരിയുടെ മുകൾപ്പരപ്പു നോക്കി ഗമനമാരംഭിച്ചു. കദളീവനമദ്ധ്യസ്ഥിതനായ കപിപ്രവരനെക്കണ്ടു വന്ദിച്ചു ഗരുഡൻ സ്വാമിയുടെ സന്ദേശമറിയിച്ചു. ലക്ഷ്മീഭഗവതിയായ സീതയും, ലക്ഷ്മണനും ഇല്ലെങ്കിൽ താനങ്ങോട്ടു വരുവാൻ തയ്യാറില്ലെന്നു ഹനുമാൻ സമാധാനം പറഞ്ഞു. വിഷ

ള്ളന്നായ അണ്ഡജവീരൻ വിവരമെല്ലാം ഭഗവാനെ അ
റിയിച്ചു. എന്നാൽ കരിക്കൽക്കൂടി ഹനുമാനെ ചെന്നുക
ണ്ടു ലക്ഷ്മണലക്ഷ്മീസമേതനായ സാക്ഷാൽ ഇക്ഷ്വാകുവം
ശതിലകൻ ദ്വാരകയിൽ എഴുന്നള്ളിയിരിക്കുന്ന വിവരം
പറയണമെന്ന ഭഗവാൻ പക്ഷിപ്രവരന് അനുജ്ഞനൽ
കി. കല്പന കേട്ടപ്പോൾ അല്പവും മടിയില്ലാത്ത ആ ഭ
ക്താഗ്രണി അപ്പോൾതന്നെ പുറപ്പെടുകയും ചെയ്തു.

ഗരുഡൻ മറഞ്ഞ ഉടൻതന്നെ പങ്കജാക്ഷൻ പതി
നാറായിരത്തെട്ടു മങ്കമാരേയും അരികിൽ വിളിച്ച് ഇങ്ങ
നെ അരുളിച്ചെയ്തു. ലങ്കാനഗരമശേഷം ചുട്ടുപൊട്ടിച്ചു
നിശാചരപുംഗവന്മാരെ സ്വപരാക്രമവഹ്നിയിൽ ആ
ഹുതിചെയ്ത ശ്രീഹനുമാനെ ഇങ്ങുവരുത്തുവാനായി ഞാൻ
ഗരുഡനെ അയച്ചിരിക്കയാണ്. അവൻ ഇപ്പോൾ ഇവി
ടെ വരും. ലോകാഭിരാമനായ ശ്രീരാമന്റെ ശ്യാമളകോ
മളമായ കളേബരം ഞാൻതന്നെ ധരിച്ചുകൊള്ളാം.
"ലാവണ്യദുഗ്ദ്ധം കടഞ്ഞെടുത്ത തൂവെണ്ണപോലെ" അ
നുപമസൗഷമാധാമമായ ജനകതനുജയുടെ രൂപം നിങ്ങ
ളിലൊരാൾ ഇപ്പോൾതന്നെ ധരിക്കണം. നാരായണ
ന്റെ കല്പനകേട്ടു പതിനാറായിരത്തെട്ടു നാരിമാരും ക
ന്നു നടുങ്ങി. വിശ്വമനോഹരമായ ജനകജാരൂപമെടുക്കു
വാൻ കഴിവില്ലാതെ വനിതമാരെല്ലാം വേപഥുഗാത്രിക
ളായിനിന്നുകളഞ്ഞു. അനുപമസുന്ദരികളായ എട്ടുനതാം
ഗികളെ വെവ്വേറെ വിളിച്ചു ഭഗവാൻ പ്രത്യേകമുപദേ
ശിച്ചു. സൌന്ദര്യസർവ്വസ്വമെന്നു സ്വയം അഭിമാനിക്കുന്ന

രുഗ്മിണി പലവഴിക്കും പ്രയത്നിച്ചുനോക്കി. ഭുവനവിമോഹിനിയായ മൈഥിലിയുടെ വേഷമെടുക്കാൻ ശ്രമിച്ചതിൽ നാണക്കേടു ഭവിച്ച രുഗ്മിണി ഒരു കോണിൽ പോയി തലയുംതാഴ്ത്തി ഇരിപ്പായി. വിശ്വൈകവശ്യമായ സൌന്ദര്യത്താൽ തനിക്കെതിരായി ആരുമില്ലെന്നഭിമാനിച്ചു ഞെളിഞ്ഞുനടക്കുന്ന രുഗ്മിണി തനിക്കു സാദ്ധ്യമായ സംഗതി യാതൊരു പ്രയാസവുംകൂടാതെ ഭംഗിയായി നടത്തിയ സത്യഭാമയിൽനിന്നു പല നല്ല പാഠങ്ങളും പഠിച്ചു. "പിതാമഹന്റെ സൌന്ദര്യപേടക"മൊഴിച്ചു ചമച്ച ജാനകിയുടെ വേഷമെടുക്കാൻ സത്യഭാമക്കു തെല്ലും അല്ലലുണ്ടായില്ല. ശ്രീരാമനും, സീതയും തയ്യാറായി ഇരിപ്പായി.

ഗരുഡന്റെ വാക്കുകേട്ടു ഉടൻതന്നെ താൻ പുറകേ എത്തിക്കൊള്ളാമെന്നു പറഞ്ഞു വാനരവീരൻ ആ പക്ഷിശ്രേഷ്ഠനെ യാത്രയാക്കി. അരനിമിഷനേരംകൊണ്ടു ഹനുമാൻ ദ്വാരകയിലെത്തി സീതാസമേതനായ രഘുകുലനായകനെക്കണ്ടു് അദ്ദേഹത്തിന്റെ പാദസരോജത്തിൽ വീണു വണങ്ങി. പ്രേമപാരവശ്യത്താൽ പുളകിതകളേബരനായ മാരുതനന്ദനൻ ആനന്ദബാഷ്പത്തിൽ ആറാടി. രാമചന്ദ്രന്റെ അനുമതിവാങ്ങി ഹനുമാൻ കദളീവനത്തിലേക്കു പോകുകയും ചെയ്തു. പവനജൻ പ്രയാണംചെയ്തുടൻ പതംഗകുലാധിപൻ ദ്വാരകയിലെത്തി. മന്ദസ്മിതംപൂണ്ട മാധവൻ ഹനുമാനെവിടെയെന്നു ഗരുഡനോടു ചോദിക്കുകയും, ഹനുമാൻ പുറകെ വരുന്നുണ്ടെന്നു് ആ

കഥയില്ലാത്ത പക്ഷിശ്രേഷ്ഠൻ പ്രവചിക്കുകയും ചെയ്തു. തന്റെ ദൂതന്റെ ദോഷത്തെപ്പററി ആലോചിച്ചപ്പോൾ ഭഗവാന് അനുകമ്പയാണ് തോന്നിയത്. ഹനുമാൻ വന്നു ഭഗവാനെക്കണ്ടു യാത്ര പറഞ്ഞു പിരിഞ്ഞു പോയിട്ട് സമസ്തം ഒട്ടേറെയായെന്നറിഞ്ഞപ്പോൾ ആ വിഹംഗവീരന്നുണ്ടായ വിഷാദവും, ലജ്ജയും അനിർവ്വചനീയമായിരുന്നു. പഞ്ചാസ്യവിക്രമനായ പവനതനൂജനെ ജയിക്കുവാൻ ആരാലും സാദ്ധ്യമല്ലെന്നു ശ്രീകൃഷ്ണഭഗവാൻ അരുളിച്ചെയ്തു. ഗരുഡന്റെ അഹങ്കാരമെല്ലാം ശമിച്ചു. തന്റെ അവിവേകമോർത്ത് അരുണസഹജൻ പശ്ചാത്തപിച്ചു. രുഗ്മിണിയുടേയും, ഗരുഡന്റേയും അഹങ്കാരതിമിരത്തെ അകററുവാൻ നാരദൻ പ്രയോഗിച്ച ഔഷധം എത്രയോ ഫലപ്രദമായിത്തീർന്നു.

രതീശസുഭഗനായ നളൻ അളവില്ലാത്ത കീർത്തിയോടുകൂടി രാജ്യഭാരം ചെയ്യുന്ന കാലത്ത് ഒരിക്കൽ നാരദമഹർഷി അവിടെ എഴുന്നള്ളി. രാജാവ് മഹർഷിയെ യഥാവിധി ഉപചരിച്ച് ഇപ്രകാരം വിനീതനായി പറഞ്ഞു:— അങ്ങയുടെ ആഗമനത്താൽ എന്റെ ഗൃഹം പരിപൂതമായിരിക്കുന്നു. എന്റെ പാപജാലങ്ങളെല്ലാം നശിച്ചിരിക്കുന്നു. ഞാൻ ധന്യധന്യനായി. ഉന്നതതപോനിധിയായ ഭവാൻ എന്നെക്കാണുവാൻ വന്നതുകൊണ്ടുതന്നെ എന്റെ ജന്മം സഫലമായി. ഇതിനുത്തരമായി നാരദൻ ഇപ്രകാരം പറഞ്ഞു:— നിന്നിൽ എനിക്ക് അധികമായ പ്രീതിയും, ബഹുമാനവുമുണ്ട്. നിന്റെ രാജ്യഭാരംകൊ

ണ്ടു പ്രജകൾ അനുഭവിക്കുന്ന സുഖത്തിനതിരില്ല. അനുരൂപയായ ഒരു പത്നിയെ ഇതുവരെയും ലഭിച്ചില്ലെന്നുള്ള കുറവുമാത്രമേ ഇപ്പോൾ കാണുന്നുള്ളു. കുണ്ഡിനനായകന്റെ പുത്രിയായി അതിസുന്ദരിയും, സുശീലയുമായി ദമയന്തി എന്നൊരു യുവതിയുണ്ടു്. അവളിൽ വൃന്ദാരകന്മാൎക്കുപോലും മോഹം വൎദ്ധിച്ചിരിക്കയാണു്. അവൾക്കുശരിയായ ഒരു പെണ്ണു മണ്ണിലും വിണ്ണിലുമില്ല. അനിതരവനിതാസാധാരണമായ സുഷമാപൂരത്താൽ ആരേയും ആനന്ദഭരിതരാക്കുന്ന ആ ലോകൈകസുന്ദരിയെ പരിഗ്രഹിക്കുവാനുള്ള സകല യോഗ്യതകളും നിന്നിൽ മാത്രമെ തികഞ്ഞുകാണുന്നുള്ളു. കാമദേവന്റെ വിലോഭനീയമായ വിലാസലാലസത്തിനു വിജയവൈജയന്തിയായി വിളങ്ങുന്ന ആ അന്യാദൃശസൌകുമാൎയ്യധാമം രാജാധിരാജനായ നിന്റെ നിരുപമശരീരത്തെത്തന്നെ അനവരതം ധ്യാനിച്ചുകൊണ്ടിരിക്കയാണു്. നാരദന്റെ വികാരദ്യോതകമായ വാക്കുകൾ കേട്ടു നളൻ അത്യാനന്ദതുന്ദിലനായി മഹൎഷിവൎയ്യന്റെ വാക്കുകളെ ശിരസാവഹിക്കുന്നതിനു താൻ സദാ സന്നദ്ധനാണെന്നറിയിച്ചു നളൻ അദ്ദേഹത്തെ യാത്രയയച്ചു.

ഉത്താനപാദന്റെ പുത്രനായ ധ്രുവൻ സ്വപിതാവിന്റെ മടിയിൽകയറിയിരിക്കുവാൻ ചെന്നപ്പോൾ ചിററമ്മയായ സുരുചിക്കു് അത്ര രസമായില്ല. രാജാവിന്റെ തിരുമടി "കണ്ടകുഞ്ഞുങ്ങൾക്കു വന്നുകയറുവാനുണ്ടാക്കിവച്ച മണ്കോലമല്ലെ" എന്നുള്ള സുരുചിയുടെ മുള്ളുവാക്കു

ബാലനെങ്കിലും വിവേകിയും, ധീരനുമായ ധ്രുവനെ ധ്യസരിപ്പിച്ചു. ആസ്ഥാനമണ്ഡപസ്ഥനായ ഉത്താനപാദന്റെ ഉത്സംഗത്തിൽ സ്വസ്ഥചിത്തനായിരുന്ന ബാലനെ ക്രുദ്ധയായ സുരുചി ബലാല്ക്കാരേണ പിടിച്ചിറക്കി. വിനീതയായ സുനീതിയേയും ധ്രുവനേയും അതിരൂക്ഷമായി ആക്ഷേപിച്ച സുരുചിയെ ശാന്തചിത്തയാക്കുവാൻ അസ്ഥാനാനുരാഗമഗ്നനായ രാജാവിനു കഴിഞ്ഞില്ല. ധ്രുവന്റെസങ്കടത്തിന് അതിരില്ലാതായി. ഉത്തമനായ ബാലൻ മാതാവിന്റെ പാദത്തിൽ വീണു കേണു. തന്റെ പരിതാപകരമായ പരിതഃസ്ഥിതികൊണ്ടു മകനെ സഹായിക്കുവാൻ സുനീതിക്കു ശക്തിയുണ്ടായില്ല. സഹിക്കാൻവയ്യാത്ത കഠിനഭാരത്തെ ഒരുവിധത്തിൽ അടക്കിക്കൊണ്ടു് അവർ പുത്രനോടു പറഞ്ഞു:—"മകനേ! നാമിപ്പോൾ എത്ര ശോചനീയമായ നിലയിലാണു് എത്തിയിരിക്കുന്നതെന്നു നിനക്കു മനസ്സിലായല്ലോ. തലയിലെഴുത്തു തലോടിയാൽ പോകുമോ? പരമശുദ്ധനായ നിന്റെ പിതാവിനോടു നിനക്കു് ഒരിക്കലും ദ്വേഷം തോന്നരുതു്. അദ്ദേഹം സുരുചിയുടെ വലയിൽ കുടുങ്ങിയിരിക്കയാണു്. നിന്റെ മാതാവിന്റെ നയനങ്ങളിൽനിന്നു കുടുകുടെ ചാടുന്ന ചുടുകണ്ണുനീർക്കണങ്ങൾക്കു നിന്റെ കഠിനഭാരത്തെ കഴുകിക്കളയുവാൻ കഴികയില്ല. ആശ്രിതവത്സലനായ വാസുദേവനെ തിങ്ങിവിങ്ങിക്കവിയുന്ന ഭക്തിയോടുകൂടി ഭജിച്ചാൽ നീങ്ങാത്ത സങ്കടമില്ല. എന്റെ മകനേ! നിന്റെ വ്യസനശമനത്തിനു് അതല്ലാതെ മറ്റു വഴിക

ളൊന്നുമില്ല”. അമ്മയുടെ ഉപദേശം കേട്ട് ഉന്മേഷഭരിതനായിത്തീൎന്ന ധ്രുവൻ തപസ്സുചെയ്യാനായി കാട്ടിലേക്കു പുറപ്പെട്ടു. ഭക്തവത്സലനായ ഭഗവാന്റെ നാമസങ്കീൎത്തനമന്ത്രത്തെത്തന്നെ സദാ ഉച്ചരിച്ചു ബാലനായ ധ്രുവൻ ഘോരകാനനത്തിൽ താമസമുറപ്പിച്ചു. ഒരു ദിവസം അംബരവീഥിയിൽ അത്യുജ്ജ്വലമായ പ്രഭാപടലം പരന്നു വരുന്നതു ബാലൻ കാണാറായി. ക്രമേണ അതു കൂടിവരികയും, ആകാശമണ്ഡലം മുഴുവനും കാന്തിപ്പൊലിമയാൽ ദീപ്തിമത്തായിത്തീരുകയും ചെയ്തു. അപ്പോഴത്തെ അവസ്ഥയെ മഹാകവി കുഞ്ചൻനമ്പ്യാരുടെ വാക്കുകളാൽ തന്നെ വൎണ്ണിക്കാം.

“ശാരദചന്ദ്രനുദിച്ചുപൊങ്ങുന്നിതോ
ക്ഷീരാബ്ധിതാനേയുയൎന്നുകാണുന്നിതോ
ഐരാവതംവന്നിറങ്ങിത്തുടങ്ങിതോ.
ഹാരങ്ങൾകോരിച്ചൊരിഞ്ഞുതുടങ്ങിതോ.
ചാരുഗംഗാജലം താനേവരുന്നിതോ.
താരങ്ങളെല്ലാംപൊഴിഞ്ഞുകാണുന്നിതോ.
വീരനാംബാലനിവണ്ണംനിരൂപിച്ചു
ദൂരവേമേല്പോട്ടുനോക്കിനിൽക്കുംവിധൌ
ചാരത്തുകാണായി വീണയുംകൈക്കൊണ്ടു
നാരദമാമുനിമെല്ലെവരുന്നതും” ധ്രുവൻ ആനന്ദത്താൽ മതിമറന്നു് അല്പനേരം നിന്നുപോയി.

“ശ്രീരാമഗോവിന്ദ! ഗോപാലവൈകുണ്ഠ!
നാരായണാകൃഷ്ണ വിഷ്ണോ മുരാന്തക!

കാരുണ്യവാരിധേ ശൗരേ ജനാർദ്ദന!
ക്ഷീരാബ്ധിശായിൻ ഹൃഷീകേശകേശവ!
സീതാപതേ! സത്യഭാമാപതേഹരേ”

എന്നുതുടങ്ങിയ ഭഗവന്നാമങ്ങളെ വീണകൊണ്ടു വായിച്ചു് ആനന്ദബാഷ്പാക്ഷനായ നാരദൻ ധ്രുവന്റെ സമീപത്തിലെത്തി. ക്രീഡാതല്പരന്മാരായ കൂട്ടുകാരോടുകൂടി ചാടിക്കളിച്ചു നടക്കേണ്ട ഒരു സുമുഖനായ ബാലകൻ നാടും, വീടും ഉപേക്ഷിച്ചു ധ്യാനമഗ്നനായി സ്ഥിതിചെയ്യുന്നതു കണ്ടു മഹർഷിക്കു് അത്ഭുതവും, സന്തോഷവുമുണ്ടായി. അദ്ദേഹം ധ്രുവനോടു ചോദിച്ചു:—“അല്ലയോ ബാലകാ! നീ ഈ ഘോരകാന്താരമദ്ധ്യത്തിൽ സഹായത്തിനാളാരും ഇല്ലാതെ വസിക്കുന്നതെന്തുകൊണ്ടാണു്? നിനക്കു മാതാപിതാക്കന്മാരോ ബന്ധുക്കളോ ആരുംതന്നെ ഇല്ലെന്നു വരുമോ? എട്ടുദിക്കും പൊട്ടുമാറു് അട്ടഹസിക്കുന്ന ദുഷ്ടമൃഗങ്ങളുടെ ഇടയിൽ വസിക്കാമെന്നു നിശ്ചയിച്ചു പുറപ്പെട്ട നിന്റെ പരമാർത്ഥങ്ങളെല്ലാം നീ എന്നോടു പറയുമോ?” ബാലൻ മഹർഷിവര്യനെ ഭക്തിപൂർവ്വം നമിച്ചിട്ടു തന്റെ പരിതാപഭരിതമായ ചരിതമെല്ലാം അദ്ദേഹത്തോടുണർത്തിച്ചു. പരമശുദ്ധഹൃദയനായ ബാലകന്റെ വാക്കുകേട്ടു ദയാർദ്രമാനസനായ നാരദൻ ഇപ്രകാരം അരുളിച്ചെയ്തു. “കരുണാശീതളസ്വാന്തനായ മുരവൈരിയുടെ ചരണസരോജം ഹൃദയത്തിലുറപ്പിച്ചു് അനവരതം അനന്യവിചാരനായി ധ്യാനിച്ചാൽ നിന്റെ അഭീഷ്ടം സാധിക്കുന്നതാണു്. പാലനൈകപരനായ ബാലഗോപാലൻ നിന്റെ മാലക

ററതിരിക്കയില്ല. ദീനന്മാരെ അവനം ചെയ്യാനായി നാനാതരത്തിലുള്ള അവതാരമെടുക്കുന്ന ഭഗവാൻ നിന്റെ സകല കന്മഷങ്ങളേയും ഉന്മൂലനാശം ചെയ്യട്ടെ!" ഇപ്രകാരമുള്ള ആശംസാവചസ്സുകൊണ്ടു ധ്രുവനെ അനുഗ്രഹിച്ചു മഹർഷി അഭ്രമാർഗ്ഗത്തിൽ മറഞ്ഞു. ധ്രുവൻ യമുനാതടത്തിൽ ചെന്നു് അതിഘോരമായ തപസ്സുതുടങ്ങി. ഈരേഴുലോകങ്ങളും മനസ്സിൽ ആവാഹിച്ചു ലോകനാഥനായ വിഷ്ണുവിനെ മനസ്സിലുറപ്പിച്ചു നിശ്ചലഭക്തിവിശ്വാസങ്ങളോടുകൂടി ആ ബാലകൻ തപംചെയ്തു. പഞ്ചഭൂതാത്മകമായ ശരീരത്തിലെ വായുസഞ്ചാരമെല്ലാമടക്കി. ആ ഘോരനിഷ്ഠകണ്ടു ലോകമെല്ലാം ഭയപ്പെട്ടു. മനുഷ്യരെല്ലാം കൊരത്തിച്ചുമച്ചു മരപ്പാവകൾപോലെ നിശ്ചലന്മാരായിത്തീൎന്നു. ദേവന്മാരെല്ലാംഒത്തുചെന്നു പാലാഴിവാസിയായ നീലാഭ്രവർണ്ണനെ പലവിധം സ്തുതിച്ചു സങ്കടമുണർത്തിച്ചു. ഭഗവാൻ ഗരുഡന്റെ കണ്ഠത്തിലേറി വൈകുണ്ഠത്തിൽനിന്നു പുറപ്പെട്ടു. യക്ഷകിന്നരസിദ്ധവിദ്യാധരന്മാരാൽ പരിവൃതനായി—നാരദൻ, തുംബുരു മുതലായ ഭക്തശിരോമണികളാൽ പരിസേവ്യനായി—ഭഗവാൻ ധ്രുവന്റെ സമീപത്തിൽ ആവിർഭവിച്ചു. പാഞ്ചജന്യധ്വനികേട്ടു ധ്രുവൻ കണ്ണുതുറന്നു നോക്കിയപ്പോൾ "കാരുണ്യാമൃതപൂർണ്ണാപാംഗവീക്ഷണ"ത്തോടുകൂടി തന്റെ മുമ്പിൽ സ്ഥിതിചെയ്യുന്ന ലോകൈകനാഥന്റെ ദിവ്യവിഗ്രഹമാണു കണ്ടതു്. സീമാതീതമായ ആനന്ദാശ്രുവിൽ മുങ്ങിക്കുളിച്ച ധ്രുവന്റെ "രോമാഞ്ചകഞ്ചുകം ഈറനായി"ട്ടു് ആ ബാ

ബാലകൻ അറിഞ്ഞില്ല. താൻ ഏതോ ഒരു ദിവ്യലോകത്തിലാണു സ്ഥിതിചെയ്യുന്നതെന്നു ധ്രുവനു തോന്നി. ആർത്തത്രാണപരായണനായ ഭഗവാനെ ധ്രുവൻ സാഷ്ടാംഗപ്രണാമം ചെയ്തു. ഭഗവാൻ പ്രസാദിച്ചു സകലാഭീഷ്ടസിദ്ധിക്കായിട്ടു ധ്രുവനെ അനുഗ്രഹിക്കുകയും ചെയ്തു.

ലങ്കാധിപതിയായ രാവണൻ സ്വപുത്രനായ മേഘനാദനെക്കൊണ്ടു ദേവേന്ദ്രനെ ബന്ധിപ്പിച്ചു ജയശംഖം മുഴക്കി അതിപ്രതാപത്തോടുകൂടി രാജ്യഭാരം ചെയ്യുന്ന കാലത്തു് ഒരു ദിവസം നാരദൻ അവിടെ എഴുന്നള്ളി. അഹങ്കാരികളിൽ അഗ്രേസരനായ ആ ദശഗ്രീവൻ നാരദമഹാമുനിക്കു് ഇരിക്കാനായി തന്റെ പാദംകൊണ്ടു് ആസനം തള്ളിയിട്ടു കൊടുത്തു. ഈ ധൃഷ്ടനെ നല്ല പാഠം പഠിപ്പിച്ചുകൊള്ളാമെന്നു മഹർഷി അപ്പോൾ തന്നെ നിശ്ചയിച്ചുറപ്പിച്ചു. അഹങ്കാരാന്ധനായ രാവണൻ തന്റെയും, മകന്റെയും സാമർത്ഥ്യങ്ങളെപ്പറ്റിപ്പുകഴ്ത്തിത്തുടങ്ങി. രാവണൻ ഇങ്ങിനെ പ്രസംഗമാരംഭിച്ചു. "നമ്മുടെ പുത്രനായ ഇന്ദ്രജിത്തു് അമരേന്ദ്രനെ യുദ്ധത്തിൽ തോല്പിച്ചു ബന്ധനസ്ഥനാക്കി. പങ്കേരുഹഭവനായ വിരിഞ്ചദേവൻ ലങ്കാപുരിയിൽവന്നു സങ്കടം പറഞ്ഞതുമൂലം ഞാൻ അവനെ ശൃംഖലയിൽനിന്നു മോചിപ്പിച്ചു. മന്ദാരാദി മരങ്ങളശേഷവും ഇപ്പോൾ ലങ്കയിൽത്തന്നെയാണു്. കാമധേനുവിന്റെ നാമംപോലും ഉച്ചരിക്കുവാൻ ദേവകൾക്കും ധൈര്യമില്ലാതായി. ഉർവ്വശി, മേനക, രംഭ തുടങ്ങിയ സ്വർഗ്ഗസ്ത്രീരത്നങ്ങളെല്ലാം ഇപ്പോൾ നമ്മുടെ അ

അന്തഃപുരത്തിലെ ദാസിമാരായിത്തീൎന്നിരിക്കുന്നു. നമ്മുടേയും, മകന്റേയും നേരെ നോക്കിനിന്നു കാൎയ്യം പറയുവാൻ വീൎയ്യമുള്ളവരാരും ഇല്ലാതായിത്തീൎന്നിരിക്കുന്നു. രാവണനെന്നും ഇന്ദ്രജിത്തെന്നും കേൾക്കുമ്പോൾ ലോകവാസികളും, നാകവാസികളും നടുങ്ങുന്നു. എന്നെ ദ്വേഷിക്കുന്നവരാരെങ്കിലുമുണ്ടെങ്കിൽ പറകതന്നെ." ഇപ്രകാരമുള്ള രാവണന്റെ ആത്മപ്രശംസ കേട്ടു നാരദൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—"ഭവാൻ പറഞ്ഞതെല്ലാം എത്രയോ പരമാൎത്ഥമാണു്. രാവണൻ എന്ന പേരു കേൾക്കുമ്പോൾ പതിനാലു ലോകങ്ങളും കിടുകിടെ വിറയ്ക്കുന്നു. ഭവാന്റെ പരാക്രമവഹ്നിയിൽ ശലഭാവസ്ഥയെ പ്രാപിക്കാത്ത ശത്രുക്കൾ ആരും തന്നെയില്ല. ഭവാനെപ്പോലെ ധീരതരപരാക്രമവാരിധിയും, സുന്ദരനും, കീൎത്തിമാനുമായിട്ടൊരാൾ ഇതുവരെ ജനിച്ചിട്ടില്ല."

നാരദന്റെ സ്തുതിവചനങ്ങൾ കേട്ടപ്പോൾ തന്നെപ്പോലെ യോഗ്യനായ ഒരാൾ ഭൂമിയിലും, സ്വൎഗ്ഗത്തിലും, പാതാളത്തിലുമില്ലെന്നു രാവണനു തോന്നി. "ജയ ജയ കൈലാസോദ്ധാരകാരിൻ!" എന്നു സംബോധന ചെയ്തപ്പോൾ ആ പൊണ്ണത്തടിയൻ കാണിച്ച "പൊങ്ങച്ചം" സഹൃദയനായ നാരദനെ എത്രമാത്രം രസിപ്പിച്ചുവെന്നുള്ളതിനു കണക്കില്ല. നാരദന്റെ പ്രസംഗം പകുതി കേട്ടു രാവണൻ ഗൎവ്വപൎവ്വതത്തിന്റെ ശൃംഗത്തിലേയ്ക്കാണു കയറിപ്പോയതു്. നാരദൻ തുടൎന്നു പറഞ്ഞു:—"ഇനിയും ഒരു [illegible] ലങ്കാധിപനായ നിന്നെ കേൾപ്പി

ല്പാൻ ശങ്ക തോന്നുന്നു. നാനാജനങ്ങളും മാനിക്കുന്ന ഭവാനെ ഒരു വാനരൻ പരിഹസിക്കുന്നു. ആ വാനരത്താൽ രാജാധിരാജനായ നിന്നെ എത്രമാത്രം അധിക്ഷേപിക്കുന്നുണ്ടെന്നു പറഞ്ഞു മനസ്സിലാക്കാനുള്ള വാക്കുകൾ എന്റെ കൈവശമില്ല. പുല്ലും ദശാസ്യനും തുല്യം എന്ന് ആ വാനരൻ തെല്ലുംകൂസൽകൂടാതെ പറഞ്ഞുകൊണ്ടു നടക്കുന്നു. ധിക്കാരിയായ ആ മർക്കടത്താന്റെ പല്ലുകളെല്ലാം തല്ലിക്കൊഴിച്ചു എല്ലുനുറുക്കി നല്ലൊരു വള്ളിയും അരയിൽകെട്ടി എല്ലാദിക്കിലും കൊണ്ടുനടന്നു കൊല്ലാക്കൊലചെയ്തു വിട്ടേച്ചാൽ അവൻ മര്യാദ പഠിച്ചുകൊള്ളും.”

മഹർഷിയുടെ വാക്കുകൾ കേട്ട രാവണൻ കലശലായി കോപിച്ചു. ആശാനായകനായ തന്നെ ഒരു കീശൻ ഭോശക്കാരനാക്കാൻ ഒരുങ്ങിയതു രാവണനു വളരെ കുറച്ചിലാണെന്നു തോന്നി. അവനെ ശൃംഖലകൊണ്ടു ബന്ധിച്ചു ലങ്കയിൽ കൊണ്ടുവന്നു കിടാങ്ങളുടെ കളിപ്പാട്ടമാക്കാതെ അടങ്ങുകയില്ലെന്ന് ആ ദുരഭിമാനി ശപഥം ചെയ്തു. ദശകണ്ഠനെ കൂട്ടാക്കാതെ തണ്ടുംകൊണ്ടു നടക്കുന്ന മണ്ടച്ചാരെ ചെണ്ടകൊട്ടിക്കാനുള്ള തന്ത്രങ്ങളോരോന്നാലോചിച്ചു തുടങ്ങി. യുദ്ധസന്നാഹങ്ങളോടുകൂടി സകല രാക്ഷസന്മാരും താനും ഉടൻതന്നെ പുറപ്പെടുന്നുണ്ടെന്നു രാവണൻ നാരദനെ അറിയിച്ചു. രാവണന്റെ ഭാവം കണ്ടു നാരദനു ചിരിവന്നു. ഒരു മർക്കടത്താനെ ബന്ധിക്കുവാൻ ഇത്ര വളരെ സൈന്യങ്ങളും, വില്ലും, അമ്പും ഒക്കെ

ശേഖരിക്കുന്നതു രാവണൻെറ പ്രതാപത്തിനു പോരായ്മ യാണെന്നും, കാശിനുപോലും വിലയില്ലാത്ത ഒരു കീശനെ ബന്ധിക്കുവാൻ ഉചിതമായ ആയുധം പാശമാണെന്നും നാരദൻ രാക്ഷസപ്പെരുമാളിനെ അറിയിച്ചു. അതല്ലാതെ എല്ലാവരുംകൂടി ഒരുമിച്ചു ചെല്ലുന്നതു് ആളെല്ലാം കണ്ടുകഴിഞ്ഞാൽ ഉടൻ പല്ലുമിളിച്ചു വല്ല വഴിക്കും കടന്നുകളയും. മഹർഷിയുടെ യുക്തിയുക്തമായ വാക്കുകൾ ശരിയാണെന്നു രാവണൻ സമ്മതിച്ചു കൊടുത്തു. താൻ ഏകനായി പുറപ്പെട്ടാൽ മതിയെന്നു് ഒടുവിൽ തീരുമാനിക്കുകയും ചെയ്തു.

രാവണനെ നല്ലപാഠം പഠിപ്പിക്കുവാനുള്ള വഴികൾ നാരദനും, ഇന്ദ്രനും തമ്മിൽ ഇതിനു മുമ്പുതന്നെ ആലോചിച്ചിട്ടുണ്ടായിരുന്നു. രാവണൻെറ മകനായ ഇന്ദ്രജിത്തു ദേവേന്ദ്രനെ ബന്ധിച്ചതിനുപകരം ദേവേന്ദ്രൻെറ മകനായ ബാലിയെക്കൊണ്ടു രാവണനെ ബന്ധിപ്പിക്കുന്നതാണെന്നു നാരദൻ ശപഥം ചെയ്തിരുന്നു. ശൂര വാരിധിയായ രാവണനെ വാനരലാംഗൂലത്തിൽ കുടുക്കുന്ന വിഷയത്തിൽ പണ്ടേതന്നെ പരമാനന്ദമുള്ള അണ്ടർകോൻ നാരദൻെറ അഭിപ്രായം കേട്ടപ്പോൾ അവൎണ്ണനീയമായ ആശ്വാസമുണ്ടായി. ബാലി ഈ വിവരങ്ങളെല്ലാം കാലേകൂട്ടി അറിഞ്ഞിരുന്നു.

രാവണൻ വാനരബന്ധനത്തിനായി തൻെറ തേരിൽ കയറി യാത്രയാരംഭിച്ചു. നിശ്ചയമനുസരിച്ചു നാരദനും തേരിൽ കയറി. തൻെറ വീര്യത്തെ പ്രകടിപ്പിക്കുന്ന

തിൽ സഹായമായിത്തീരാൻ പോകുന്ന നാരദൻെറ ബുദ്ധിസാമർത്ഥ്യത്തെപ്പററി രാവണൻ വളരെ പ്രശംസിച്ചു. തേരിൽ വച്ചുള്ള ഇരുകൂട്ടരുടേയും സംഭാഷണം ബാലിയെക്കുറിച്ചായിരുന്നു. ബാലി സ്വതേ ചപലനാണെന്നും, ഒരു നിമിഷംകൊണ്ടു ബാലിയെ ബന്ധിക്കാമെന്നും മററും പറഞ്ഞു നാരദൻ രാവണനെ ധൈര്യപ്പെടുത്തി. വമ്പന്മാരിൽ മുമ്പനായ നിന്നെക്കണ്ടാൽ ആ വാനരൻ വല്ല മരക്കൊമ്പിലും ചാടിക്കയറുകയേയുള്ളു. ദശകണ്ഠനായ ഭവാനെക്കണ്ടാൽ ആ വാനരത്താൻ വാലുംപൊക്കിക്കൊണ്ടു മണ്ടുമെന്നുള്ളതിൽ രണ്ടുപക്ഷം വേണ്ട. എന്നിങ്ങനെ കൂസൽകൂടാതെ പറഞ്ഞു നാരദൻ രാവണൻെറമനസ്സിനെ ശക്തിപ്പെടുത്തി. രണ്ടുപേരും തേരിൽ നിന്നിറങ്ങി.

രാവണൻ ബാലിയുടെ അതിഭീമമായ ആകൃതി കണ്ടു് ഒന്നു നടുങ്ങി. കൈലാസപർവ്വതമെടുത്തു് അമ്മാനമാടിയ ആ പരാക്രമശാലിയുടെ ദേഹം ആലിലപോലെ വിറച്ചു. രാവണൻെറ ധൈര്യവും, ശൌര്യവും വീരവാദവുമെല്ലാം "പമ്പകടന്നു." തനിക്കു് അബദ്ധം പിണഞ്ഞുപോയി എന്നതിനും ഉറത്തക്കവണ്ണമുള്ള ചില ഭാവങ്ങൾ ആ രാക്ഷസരാജൻ കാണിച്ചുതുടങ്ങി. ആ കാണുന്ന പർവ്വതത്തിൻെറ തെക്കുവശത്താണോ ബാലിയിരിക്കുന്നതെന്നും മററുമുള്ള ചില വിഡ്ഢിത്തങ്ങൾ രാവണൻ പുലമ്പിത്തുടങ്ങി. രാവണൻെറ മുഖങ്ങളെല്ലാം വല്ലാതെ വിളറി. ഇങ്ങിനെ ഒരു വേഷം കെട്ടേണ്ട ആവശ്യമില്ലായിരുന്നുവെ

ണും, ഇനിയെങ്കിലും ഇങ്ങനെയുള്ള വിഷമഘട്ടങ്ങളിൽ അകപ്പെടാതെ നോക്കണമെന്നും ദശഗ്രീവനു തോന്നി. തെററു പററി എന്ന ഭാവനയോടുകൂടി മുനിയുടെ മുഖത്തേക്കു് ഒന്നു നോക്കി. എന്നാൽ ആ കാണുന്നതെല്ലാം പുറംപൂച്ചാണെന്നും, ഉള്ളു പൊള്ളയാണെന്നും മററും പറഞ്ഞു മഹർഷി ദശകണ്ഠൻെറ കുണ്ഠിതം തീർത്തു. രാവണന് തല്ക്കാലം കുറെ ചുണയെല്ലാം വന്നു. വാലിൽ പിടികൂടാമെന്നു സമ്മതിച്ചു. കൂടക്കൂടെ മഹർഷിയെ കടാക്ഷിക്കയും, ഓടിച്ചെന്നടുക്കയും പേടിച്ചു തിരിച്ചുപോരുകയും മററും അനേകം പ്രാവശ്യം ഉണ്ടായെങ്കിലും രാവണൻ രണ്ടുംകല്പിച്ചു നീണ്ടുതടിച്ചുള്ള വാലിൽ പിടികൂടി. കൈവിറച്ചുതുടങ്ങി. പിടിച്ച പിടി വിടുതൽ ചെയ്യുവാൻ ദുരഭിമാനംകൊണ്ടു നിവൃത്തിയുമില്ലാതായി. രാവണൻ മഹർഷിയുടെ മുഖത്തേക്കു് ഒന്നു നോക്കി. മറേറക്കൈകൊണ്ടു പിടിപ്പാൻ മഹർഷി ഉപദേശിച്ചു. അപ്രകാരം ചെയ്തു. ബാലിയാകട്ടെ രണ്ടു കൈകളും ഒന്നിച്ചു വാൽകൊണ്ടു വരിഞ്ഞു. "ചെണ്ടകൊട്ടിപ്പാൻ" തന്നെയാണു മാമുനി തന്നെ പിടിച്ചുകൊണ്ടു വന്നതെന്നു രാവണനു തോന്നി. ക്രോധലജ്ജാപരവശനായ ദശാനനൻ നാരദൻെറ മുഖത്തേക്കു തൻെറ ഇരുപതുകണ്ണുകളും ഒന്നു പായിച്ചു. അതിൻെറ അർത്ഥം മഹർഷിക്കു മനസ്സിലായി. ഇരുപതു കൈകൊണ്ടും തെരുതെരെ പിടികൂടിയാൽ കാര്യം ഭംഗിയായി കലാശിക്കുമെന്നുള്ള നാരദൻെറ ഉപദേശം വളരെ അഗാധമാണെന്നു രാവണനും വിചാരിച്ചു. കോപവും,

നിരാശയും, സങ്കടവും ഒന്നിച്ചു ചേരുമ്പോഴുണ്ടാകുന്ന ഒരുതരം വല്ലാത്ത വികാരത്തോടുകൂടി രാവണൻ തന്റെ ശക്തിയേറിയ ഇരുപതു കൈകൊണ്ടു ബാലിയുടെ ദീർഘമായ വാലിൽ മുറുക്കി പിടിച്ചു. മണ്ടശിരോമണിയായ രാവണന്റെ ദേഹം മുഴുവനും ബാലി തന്റെ അതിദീർഘമായ വാലിൽ ചേർത്തു വലിച്ചു വരിഞ്ഞു കെട്ടിക്കളഞ്ഞു. നാരദൻ കൈകൊട്ടിച്ചിരിച്ചു് ഇപ്രകാരം പറഞ്ഞു. അല്ലയോ പരാക്രമശാലിയായ ലങ്കാധിപ ഞാനിനി പോകുന്നു. നീ തെല്ലുപോലും ദുഃഖിക്കേണ്ട. രാക്ഷസനായി ജനിച്ചാലും കുറച്ചൊക്കെ വിവേകം വേണം. ദേവേന്ദ്രനെ ബന്ധിച്ച നിന്റെ സമർത്ഥനായ പുത്രനോടു ഞാൻ പോയി വിവരമെല്ലാം പറയാം. ഇപ്രകാരം പറഞ്ഞു ചതുരനായ ആ മഹർഷി യാത്രയായി.

അനേകായിരം സാധുജനങ്ങളെ കെട്ടിയടിച്ചു പിടിച്ചു വലിച്ചു ജീവച്ഛവങ്ങളാക്കിത്തീർത്തിട്ടുള്ള ആ ദേവക്ഷത്രൻ ബാലിയുടെ പൃഷ്ഠത്തിൽ കിടന്നു കരുണകരുണമാംവണ്ണം മുറവിളിക്കൂട്ടി. അംഗമശേഷം അനക്കാൻ പാടില്ലാതായപ്പോൾ ആ തുംഗപരാക്രമി അംഗജരിപുവിനെ വിളിച്ചു നിലവിളിച്ചു തുടങ്ങി. കപിവീരനായ ബാലി രാജാധിരാജനായ രാവണനെ പുച്ഛാഗ്രത്തിൽ തൂക്കിക്കൊണ്ടു് ഒന്നു ചാടിനോക്കി. രാവണനാകട്ടെ ബാലിയുടെ വാലിൽ തൂക്കിയിട്ടുള്ള ഒരു ഭാണ്ഡംപോലെ കിടപ്പുമായി. നാലു സമുദ്രങ്ങളിലും തർപ്പണംകഴിച്ചു ബാലി അനവധികാലം കഴിച്ചുകൂട്ടി. ആ കാലമത്രയും രാവണ

ണം ആ കപിയുടെ വാലിൽനിന്നു മാറാതെ ഉപ്പുവെള്ളം മാത്രം ഭോജനംകൂടാതെ പാനം ചെയ്തു മനസ്സവേദനയോടുകൂടി പ്രാണൻകളയാതെ ഒരു വിധം കാലം കഴിച്ചുവന്നു.

രാവണനെ കാണാത്തതുകൊണ്ടു രാക്ഷസന്മാൎക്കെല്ലാം വലിയ പരിഭ്രമമായി. തന്നെ ആക്ഷേപിച്ചുവെന്നുള്ള കുററത്തിന് ഒരു വാനരനെ ബന്ധിക്കുവാനായി നാലഞ്ചൊന്നിച്ചു ഗമിച്ച രാവണൻ തിരിച്ചുവരാത്തതെന്താണെന്ന് എല്ലാവരുംകൂടി ആലോചനതുടങ്ങി. ശക്രനെ ജയിച്ച വിക്രമി തൻെറ സേവകന്മാരിൽ ഒരുവനെ വിവരമറിവാനായി പറഞ്ഞയച്ചു. തെക്കേസമുദ്രത്തിൻെറ ഒരു മൂലയിൽ ബാലിയുടെ വാലിൽ കെട്ടുപിണഞ്ഞു കണ്ണുംകാലുമനക്കാൻ വയ്യാതെ വലയുന്ന തങ്ങളുടെ യജമാനനെ കണ്ടു സേവകൻെറ പകുതി പ്രാണനും പോയി. അവൻ അവിടെനിന്നും പേടിച്ചോടി. സംഗതികളെല്ലാം സ്വാമിയെ അറിയിച്ചു. പിതാവിൻെറ വൃത്താന്തം കേട്ടപ്പോൾ ഇന്ദ്രജിത്തിൻെറ ഹൃദയം അഗ്നിപൎവ്വതംപോലെ പ്രോജ്വലിച്ചു. തൻെറ താതനെ ബന്ധിച്ച വിക്രമി ആരുതന്നെയായിരുന്നാലും അവനെ വധിക്കാതെ അടങ്ങുകയില്ലെന്നു മേഘനാദൻ ശപഥംചെയ്തു യുദ്ധത്തിനു യാത്രയായി. ഇന്ദ്രജിത്തിൻെറ സാഹസചിഹ്നിതമായ സംരംഭം കണ്ടു മയാസുരൻ പൌത്രൻെറ പാണിപിടിച്ചു തേരിൽനിന്നു താഴത്തിറക്കി. ശക്രപുത്രൻെറ വിക്രമപ്രക്രമങ്ങളെ മയൻ ഇന്ദ്രജിത്തിനെ ധരിപ്പിച്ചു. പാലാഴിമഥന

കാലത്തിൽ മന്ദരപൎവ്വതത്തെ മത്താക്കി വാസുകിയെ പാശവുമാക്കി ദേവന്മാരും, അസുരന്മാരും ഓരോ തലപിടിച്ചു വലിച്ചു അത്യന്തം ക്ഷീണിച്ചപ്പോൾ എല്ലാവരേയും മാററിനിറുത്തി ഏകനായിനിന്നു പൎവ്വതത്തെ പമ്പരം പോലെ കറക്കിയിട്ടു പാശമായ വാസുകിയെ ഘോരമുഖ, വിഷവും ഛൎദ്ദിപ്പിച്ചു കാശിൻ കൊള്ളരുതാതാക്കിയ കീൎത്തിപ്രചുരനോടു നേരിടുവാൻ ത്രിലോകത്തിലാൎക്കും സാദ്ധ്യമല്ലെന്നു പൌത്രനെ ധരിപ്പിച്ചു. മണ്ഡോദരീപുത്രൻ വിഷണ്ണനായി അടങ്ങിപ്പാൎക്കുകയും ചെയ്തു.

ബാലി തൎപ്പണമെല്ലാം കഴിച്ചു കിഷ്കിന്ധയിൽ തിരിച്ചെത്തി. വാനരരാജാവിന്റെ ലാംഗ്ഗലത്തിൽ പത്തുമുഖമുള്ള ഒരു സത്വം കിടക്കുന്നതുകണ്ടു കുരങ്ങന്മാരെല്ലാം അത്ഭുതപ്പെട്ടു. ലാംഗ്ഗലാഗ്രത്തിൽ പത്തുമുഖമുള്ള ഒരു കുരു വീൎത്തുവരുന്നതാണെന്നു ചില രസികന്മാർ പറഞ്ഞുതുടങ്ങി. കുരുവിന് ഇരുപതു കണ്ണുണ്ടെന്നു മററു ചില രസന്മാരും ഉച്ചത്തിൽ ഉൽഘോഷിച്ചുതുടങ്ങി. പഴമക്കാരനായ സുഷേണൻ ഞങ്ങളുടെ യജമാനന്റെ വാലിൽ പററിപ്പിടിച്ചു കിടക്കുന്നതു ലങ്കാധിപനായ രാവണനാണെന്നു പ്രസിദ്ധപ്പെടുത്തി. ധിക്കാരികളായ മൎക്കടന്മാർ ദശകണ്ഠപ്പെരുമാളിന്റെ മൂക്കുകളിലെല്ലാം ഈൎക്കിലും മററും കടത്തിത്തുടങ്ങി. എഴുന്നേല്ക്കാനോ, തലപൊക്കാനോ വയ്യാതെ കിടന്നു വിഷമിക്കുന്ന രാവണന്റെ നിലവിളികേട്ടു ബാലിയുടെ മനസ്സ് അലിഞ്ഞുപോയി. ഒട്ടേറെക്കാലം മുമ്പുകെട്ടിയ ആ കെട്ടുകളെല്ലാം അഴിച്ചു ബാ

ച്ചി രാവണനെ സ്വതന്ത്രനാക്കി. രാക്ഷസരാജൻ ബാലിയുടെ മുമ്പിൽ ഏറ്റവും വിനീതനായി തൊഴുതുംകൊണ്ടുനിന്നു. പുച്ഛരസദ്യോതകമായ ഒരു ചെറുച്ചിരിയോടുകൂടി ബാലി ഇങ്ങനെ ചോദിച്ചു:— കൈലാസാചലം കുത്തിയെടുത്ത് അമ്മാനമാടിയ ആ രാവണൻ നീതന്നെയാണോ? അമരേന്ദ്രനെ സമരത്തിൽ ബന്ധിച്ച ഇന്ദ്രജിത്തിന്റെ പിതാവു നീ തന്നെയോ? അഷ്ടദിക്പാലകന്മാരേയും വട്ടത്തിലാക്കിയിട്ടിരിക്കുന്ന ധൃഷ്ടനായ ആ രാവണനും നീതന്നെയായിരിക്കുമോ? തുംഗപരാക്രമിയായ ഭവാൻ ഈ വാനരലാംഗൂലത്തിലെങ്ങോ വന്നു തങ്ങിയത് ഒട്ടും നന്നായില്ല. നമ്മുടെ വാലിൽ വന്നുകൂടിയിട്ട് എത്ര നാളായെന്നും, എന്തിനായിട്ടാണു വന്നുചേർന്നതെന്നും മറ്റുമുള്ള വിവരങ്ങൾ വിരോധമില്ലെങ്കിൽ നമ്മോടു പറകതന്നെ. നാം ഇക്കഥകളൊന്നുമറിഞ്ഞില്ല. ബാലിയുടെ വാക്കുകൾ കേട്ടു ഭയലജ്ജാപരവശനായ രാവണൻ നാണിച്ചു മുഖവും താഴ്ത്തി ഇങ്ങനെ പറഞ്ഞു തുടങ്ങി.

വാനരകുലവീരനായ ഭവാൻ ആരെന്നറിയാതെ ഞാൻ ചെയ്ത അപരാധമെല്ലാം ക്ഷമിക്കണം. സാധുവായ ഞാൻ ഏഷണിക്കാരനായ നാരദന്റെ മുഖസ്തുതിയിൽ മയങ്ങിപ്പോയതുകൊണ്ടാണ് ഈ വിധമുള്ള അപകടങ്ങളിൽ കുടുങ്ങിപ്പോയത്. ബാലിയാകുന്ന ഭവാന്റെ വാലിൽകിടന്നു താലോലം കളിച്ചിട്ടുള്ള ഞാൻ അനുഭവിച്ചിട്ടുള്ള പ്രാണവേദനക്കു കയ്യും, കണക്കുമില്ല. ആലോചനാഹീനതകൊണ്ടു വന്ന തെറ്റിനെ സദയം ക്ഷമിച്ച്

എന്നെ അനുഗ്രഹിച്ചു യാത്രയയയ്ക്കാൻ ദയയുണ്ടാകണം.

രാവണന്റെ ദയനീയവാക്കുകൾ ബാലിയെ വളരെ രസിപ്പിച്ചു. ബാലി ഇങ്ങനെ പറഞ്ഞു:— അഹങ്കാരത്താൽ മതിമറന്നു തുള്ളിച്ചാടി അസാദ്ധ്യമായുള്ള കർമ്മങ്ങളിൽ പ്രവേശിച്ച് ഒടുവിൽ കണ്ണീരും, കയ്പുമായി പിരിയുവാനുള്ള ദുർവ്വാസനകളെല്ലാം പരിത്യജിച്ചു പ്രശാന്തഗംഭീരനായിരിക്കാൻ ശ്രമിക്കുക. സഹസ്രബാഹുവായ കാർത്തവീര്യന്റെ പരാക്രമമറിയാതെ ഇളകിമറിഞ്ഞു യുദ്ധത്തിനു ചെന്നു വേണ്ടാത്ത അനർത്ഥങ്ങളെല്ലാമുണ്ടാക്കിത്തീർത്തു നാണവും, ചുണയും നശിപ്പിച്ചു പ്രാണൻ കളയാതെ മടങ്ങിപ്പോന്ന ആ രാവണനു തന്നെ പിന്നെയും ഇങ്ങിനെയുള്ള വിഡ്ഢിത്തം പിണഞ്ഞതു് എത്രയും വിചിത്രം തന്നെ. കഴിഞ്ഞതെല്ലാം ഒരു പാഠമായിരിക്കട്ടെ. ഇപ്പോൾ ദയവുചെയ്തു നിന്നെ സ്വതന്ത്രനാക്കി വിട്ടിരിക്കുന്നു. മേലാൽ ഈവിധമുള്ള വേലത്തരങ്ങളൊന്നും ചെയ്കയില്ലെന്നു ബാലിയുടെ കാലുപിടിച്ചു സത്യംചെയ്തു രാവണൻ ലങ്കയിലേയ്ക്കു പോകുകയും ചെയ്തു.

തന്റെ അവിവേകപ്രവൃത്തിമൂലം ശ്രീകൃഷ്ണഭഗവാന്റെ കോപത്തിനു പാത്രമായിത്തീർന്ന ഗയനെന്ന ഗന്ധർവ്വൻ രക്ഷാമാർഗ്ഗമില്ലാതെ പ്രാണവേദനപ്പെട്ടു കേണുനടക്കുമ്പോൾ വീണാപാണിയായ നാരദമാമുനിയെക്കണ്ടു. അവശനായ ഗയൻ മഹർഷിയെ സാഷ്ടാംഗം നമസ്കരിച്ചു. പദ്ധതിമദ്ധ്യത്തിൽ വീണുകിടന്നു നിലവിളിക്കുന്ന ഗ

യനിൽ കരുണതോന്നി മഹർഷിവരേണ്യനായ നാരദൻ സങ്കടകാരണമെന്തെന്നു ചോദിച്ചു. ശയൻ ഇങ്ങിനെ പറഞ്ഞു. ഞാൻ അംബരമാർഗ്ഗത്തിൽകൂടി അശ്വാരൂഢനായി സഞ്ചരിക്കയായിരുന്നു. ആ സമയത്തു ശ്രീകൃഷ്ണഭഗവാൻ തന്റെ തൃക്കയ്യിൽ ജലം കോരി അർക്കനെ നോക്കി ജപിച്ചുകൊണ്ടിരുന്നതു കഷ്ടകാലശക്തികൊണ്ടു ഞാൻ കണ്ടില്ല. എന്റെ കുതിരയുടെ വായിലെ നുര ഭഗവാന്റെ തൃക്കയ്യിൽ പതിച്ചു. ഭഗവാൻ കണ്ണുതുറന്നു നോക്കിയപ്പോൾ ഹയഗളസ്ഥനായ എന്നെക്കണ്ടു. നിയമംമുടക്കിയ ധിക്കാരിയായ എന്നെ തൃച്ചക്രംകൊണ്ടു വധിക്കുമെന്നു് അദ്ദേഹം ശപഥവും ചെയ്തു. കമ്പിതമാനസനായ ഞാൻ ഉമ്പർകോനെക്കണ്ടു സങ്കടം പറഞ്ഞു. ദിക്പാലാധിപനായ ഇന്ദ്രൻ വിവരമറിഞ്ഞപ്പോൾ എന്നോടു് ഉടൻ അമരലോകം വിട്ടു് ഓടിക്കൊള്ളണമെന്നാണു് ആജ്ഞാപിച്ചതു്. കരുണാമന്ദിരമായ മുകുന്ദൻ വന്നുചേരുംമുമ്പു വിധിച്ചവനെ അഭയംപ്രാപിച്ചാൽ രക്ഷപ്രാപിക്കാമെന്നുള്ള വാസവന്റെ വാക്കുകേട്ടു ഞാൻ ബ്രഹ്മലോകത്തു ചെന്നു. വൃത്താന്തമറിഞ്ഞപ്പോൾ ബ്രഹ്മദേവനും വളരെ ഭയപ്പെട്ടു. പണ്ടൊരിക്കൽ വൃന്ദാവനത്തിൽ ചെന്നു നന്ദനന്ദനനെ ഒന്നു നിന്ദിപ്പാൻ സന്നദ്ധനായ തനിക്കു വന്ന ആപൽക്കടങ്ങൾ താൻ ഇതേവരെ മറന്നിട്ടില്ലെന്നും, വേഗം എവിടെയെങ്കിലും പോയി രക്ഷപ്രാപിച്ചുകൊള്ളണമെന്നും കമലാസനൻ ഉപദേശിച്ചു. ഞാൻ പരമശിവനെശരണം പ്രാപിച്ചു. കൃഷ്ണൻമൂലം വന്നുചേർന്ന ആപത്തിനെ

തടയുവാൻ താൻ ശക്തനല്ലെന്നും, ബാണന്റെ വാതിൽ കാത്തുവാണകാലത്തിൽ കൃഷ്ണന്റെ ബാണങ്ങളുടെ ശക്തി തനിക്ക മനസ്സിലായിട്ടുണ്ടെന്നും അദ്ദേഹം അരുളിച്ചെയ്തു് എന്നെ യാത്രയാക്കി. ശക്തന്മാരെല്ലാം എന്നെ ഉപേക്ഷിച്ചുകഴിഞ്ഞു. ജീവസന്ധാരണത്തിനുപോലും വഴി കാണുന്നില്ല. ഈ അത്യുല്ക്കടസങ്കടത്തിൽനിന്നു രക്ഷപ്രാപിക്കാനുള്ള വഴികൾ അവിടുന്നുതന്നെ അരുളിച്ചെയ്യണം. കുശാഗ്രബുദ്ധിയായ അല്ലയോ മാമുനിതിലകം! വിജ്ഞാനികളിൽ അദ്വിതീയനായ അവിടത്തെ ശരണംപ്രാപിച്ച എന്നെ ഏതുവിധമെങ്കിലും രക്ഷിക്കണേ"

അന്ധനായ ഗന്ധർവ്വന്റെ ഈ സങ്കടവാക്കുകൾ കേട്ടു മഹർഷി ഇപ്രകാരം അരുളിച്ചെയ്തു. "അല്ലയോ ഗയ! നീ ഒട്ടും അധൈര്യപ്പെടേണ്ട. വില്ലാളിവീരനായ അർജ്ജുനൻ നിന്നെ അവനംചെയ്യാതിരിക്കയില്ല. കാട്ടാളവേഷധാരിയായ മട്ടലർബാണവൈരിയെ അമ്പെയ്തു വെട്ടിച്ചു പാശുപതാസ്ത്രം കരസ്ഥമാക്കിയ അർജ്ജുനനെ ശരണംപ്രാപിച്ചാൽ ആത്മാഭിമാനികളിൽ അഗ്രേസരനായ അവൻ നിന്നെ സംരക്ഷിച്ചുകൊള്ളും. അതിനു നല്ലൊരു ഉപായവുംകൂടി പറഞ്ഞുതരാം. രക്ഷിയ്ക്കാമെന്നു പ്രതിജ്ഞ ചെയ്യിച്ചതിനുശേഷം നിന്റെ വൃത്താന്തം പാർത്ഥനെ ധരിപ്പിച്ചാൽമതി. സത്യലംഘനംചെയ്യുന്നതു പ്രാണൻ കളയുന്നതിനു തുല്യമായിട്ടാണു കിരീടി കരുതിയിരിക്കുന്നതു്. പാണ്ഡവരെല്ലാം ദ്വൈതവനത്തിൽ വസി

ക്ഷണമെന്ന്. ഉടൻ അങ്ങോട്ടു ചെന്നു വിജയനെ അഭയം പ്രാപിച്ചാലും"

മഹർഷിയുടെ വാക്കുകൾ കേട്ടു സമാശ്വസ്തനായ ഗയൻ ദ്വൈതാടവിയിൽചെന്ന് അർജ്ജുനന്റെ കാൽക്കൽവീണു നിലവിളിച്ചുതുടങ്ങി. ധർമ്മപുത്രൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ ഇവരുടെ ഓരോരുത്തരുടേയും പേരുവിളിച്ച് ഉച്ചത്തിൽ കരഞ്ഞു. പാണ്ഡവന്മാർ ഗയനെ പാലിച്ചുകൊള്ളാമെന്നു വാക്കുകൊടുത്തു. ആശ്രിതത്രാണനം സ്വധർമ്മമെന്നറിവുള്ള ധർമ്മപുത്രൻ തന്റെ സഹോദരന്മാരെ വിളിച്ചു ഗയനുവേണ്ട സകല സഹായങ്ങളും ചെയ്തുകൊടുക്കുവാനാജ്ഞാപിച്ചു. അർജ്ജുനൻ ഭൂമിയിൽ വീണു കിടക്കുന്ന ഗയനെ പിടിച്ചെഴുന്നേല്പിച്ചു സന്താപത്തിനുള്ള കാരണമെന്തെന്നു ചോദിച്ചു. രക്ഷിച്ചുകൊള്ളാമെന്നു സത്യംചെയ്താൽ സങ്കടവിവരം പറയാമെന്നു ഗയൻ വിനയാനതനായി പറഞ്ഞു. ദീനന്മാരെ അവനംചെയ്യുവാൻ സദാജാഗരൂകനായ ജിഷ്ണുവാകട്ടെ ഗയനെ രക്ഷിച്ചുകൊള്ളാമെന്നു വിഷ്ണുദേവനെ തൊട്ട് ആണയുമിട്ടു. "ഉൾക്കമലത്തിൽ വിളങ്ങുന്ന ചക്രായുധന്റെ പാദത്താണെ" ഞാൻ നിന്നെ രക്ഷിച്ചുകൊള്ളാമെന്നുള്ള അർജ്ജുനന്റെ പ്രതിജ്ഞ വിവശനായ ഗയനെ ആനന്ദഭരിതനാക്കി. ഗയൻ വിവരം പറഞ്ഞു. ശ്രീകൃഷ്ണദേവന്റെ പ്രതിജ്ഞകേട്ടു പാണ്ഡവന്മാരെല്ലാം ഒന്നു ഞെട്ടി. പാർത്ഥന്റെ കയ്യിലിരിക്കുന്ന വില്ലുമമ്പുമെല്ലാം നിലത്തു വീണു. എല്ലാവരുംകൂടി ദയ

നീയമാംവണ്ണം മുറവിളിക്കൂട്ടി. ദ്രൌപദിയും, ശിലയുമലി
യും മട്ടുപൊട്ടിക്കരഞ്ഞു. ശുദ്ധാത്മാവായ ധമ്മപുത്രൻ
മോഹിച്ചു നിലംപതിച്ചു. സന്താപസമുദ്രത്തിൽ മുങ്ങി
പ്പൊങ്ങി കരകാണാതെ കിടന്നുഴലുന്ന പാണ്ഡവന്മാരെ
സമാശ്വസ്തരാക്കുവാൻ ആരുമില്ലായിരുന്നു. ഭീമസേനൻ
മാത്രം ഒരുവിധം ധൈയ്യമവലംബിച്ചു. വിധിമതം മാ
റുവാൻ ആക്കും കഴികയില്ലെന്നും, വ്യസനിക്കുന്നതുകൊ
ണ്ടു മാത്രം ഉദ്ദിഷ്ടകായ്യം വിജയപ്രദമായി കലാശിക്കയി
ല്ലെന്നും മററും പറഞ്ഞു ഭീമസേനൻ അഗ്രജനെ സമാ
ധാനപ്പെടുത്തി. ഇതിനിടയിൽ നാരദമഹാമുനിയും വ
ന്നുചേന്നു. ധമ്മപുത്രൻ മുനിവയ്യനെ വന്ദിച്ചു പീഠംനൽ
കിയിരുത്തി. ഇപ്രകാരം പറഞ്ഞു: "സന്താപാതുരന്മാരായ
ഞങ്ങളെ അനുഗ്രഹിപ്പാൻതന്നെയാണ ഭഗവാൻ ഇവി
ടെ എഴുന്നള്ളിയതെന്നു തോന്നുന്നു. ഇതിലധികമായ ഒ
രു സങ്കടം ഇനി ഞങ്ങൾക്കു വരേണ്ടതില്ല. ശ്രീകൃഷ്ണഭഗ
വാൻെറ കോപത്തിനു പാത്രീഭൂതനായ ഗയനെ രക്ഷിച്ചു
കൊള്ളാമെന്നു പരമാത്ഥമറിയാതെ പാത്ഥൻ പ്രതിജ്ഞ
ചെയ്തുപോയി. സത്യസ്വരൂപനും, കരുണാലയനുമായ
ശ്രീകൃഷ്ണഭഗവാൻെറ കൃപകൊണ്ടുമാത്രം ജീവിതം നയി
ച്ചുപോരുന്ന ഞങ്ങൾക്ക് ഇതിലും വലുതായ ഒരു ദുഃഖം
ഇനി വരേണ്ടതുണ്ടോ? വിജയൻെറ അവസാനകാലം
അടുത്തുപോയി. പാണ്ഡവന്മാരെന്നുള്ള നാമധേയം ത
ന്നെ ഇനിമേൽ കേൾക്കാൻകഴിയുമെന്നു തോന്നുന്നില്ല."
ധമ്മപുത്രരുടെ വാക്കുകേട്ടു നാരദൻ മന്ദസ്മിതംതൂകിക്കൊ

ണ്ടു പറഞ്ഞുതുടങ്ങി. "അല്ലയോ ധൎമ്മാത്മജാ! നീ അശേഷം ദുഃഖിക്കേണ്ട. ധൎമ്മനിഷ്ഠന്മാരായ നിങ്ങൾക്കു മേൽക്കുമേൽ ശ്രേയസ്സുണ്ടാകാതിരിക്കയില്ല. മാധവനും, വിജയനും രണ്ടാണെന്നു നീ വിചാരിക്കേണ്ട. അച്യുതന്റെ കൈകൊണ്ടു മരിക്കുവാനല്ല അൎജ്ജുനൻ ജനിച്ചിട്ടുള്ളതു്. പാൎത്ഥസാരഥി എന്നുള്ള പേരിനെ സന്തോഷപൂൎവ്വം സ്വീകരിച്ചിട്ടുള്ള ശ്രീകൃഷ്ണൻ അൎജ്ജുനനെ സഹായിക്കുവാനുംകൂടിയാണു് അവതാരമെടുത്തിട്ടുള്ളതു്. സത്യഭംഗം ഒരു കാലത്തും നേരിടുകയില്ല. കാൎയ്യമെല്ലാം ഭംഗിയായി കലാശിക്കും." ഇപ്രകാരം അരുളിച്ചെയ്തു പാണ്ഡവന്മാരെ സന്തുഷ്ടരാക്കി മഹൎഷി ഹസ്തിനപുരത്തിലേക്കു യാത്രയായി. ദുൎയ്യോധനൻ മുനിയെ സാദരം ഉപചരിച്ചു. വന്നതിനുള്ള ഹേതുവെന്തെന്നറിവാൻ അതിയായ ആഗ്രഹമുണ്ടെന്നു ദുൎയ്യോധനൻ മുനിയെ അറിയിച്ചു.

രസജ്ഞനായ മഹൎഷി പറഞ്ഞു:— "അല്ലയോ സുയോധനാ! നിങ്ങളെപ്പേടിച്ചു കൊടുംകാട്ടിലൊളിച്ചു കായ്കനികൾ ഭക്ഷിച്ചു ജീവിതം നയിക്കുന്ന പാണ്ഡവന്മാൎക്കൊരനൎത്ഥം പിണഞ്ഞതു് അറിഞ്ഞില്ലെന്നുണ്ടോ? ശ്രീകൃഷ്ണൻ വധിക്കുന്നുണ്ടെന്നു സത്യംചെയ്തു ഗയനെ രക്ഷിച്ചുകൊള്ളാമെന്നു് അൎജ്ജുനൻ യാതൊരാലോചനയും കൂടാതെ സത്യം ചെയ്തുകളഞ്ഞു. മാധവൻ ഇതെല്ലാമറിഞ്ഞു രോഷംപൂണ്ടു ഗംഭീരമായ സൈന്യത്തോടുകൂടി പാണ്ഡവന്മാരോടു യുദ്ധം ചെയ്വാനും തീൎച്ചയാക്കി. പിണക്കമെല്ലാം കളഞ്ഞു നിങ്ങൾ പാണ്ഡവരെ സഹായിക്കണം. നിങ്ങൾ സഹായത്തിനുണ്ടെന്നറിഞ്ഞാൽ കൃഷ്ണ

ത പിണക്കം കൂടും. ഒരുപക്ഷേ പാണ്ഡവർ നശിച്ചുപോയെങ്കിൽ നിങ്ങൾക്കു സുഖമായല്ലോ. ജയിച്ചെങ്കിൽ സഹായിച്ചുവെന്നുള്ള ബഹുമതിയും കിട്ടും.” മഹർഷിവരൻെറ വാക്കുകൾ ദുര്യോധനാദികളെ അത്ഭുതപ്പെടുത്തി. അദ്ദേഹത്തിൻെറ അഭിപ്രായംപോലെ ചെയ്യുവാൻ സമ്മതമാണെന്ന് അവർ മറുപടിപറഞ്ഞു. നാരദൻ ഉടൻതന്നെ ദ്വാരകയിലേക്കു യാത്രയായി. ആസമയം ഭഗവാൻ ഗയനെത്തിരയുവാൻവേണ്ടി ഗരുഡൻെറ കണ്ഠത്തിലേറുവാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴേക്കും മുനിയും സമീപിച്ചു. ശ്രീകൃഷ്ണൻ നാരദനെ യഥോചിതം ആദരിച്ചു. നിയമവിരോധംചെയ്ത ഗയനെത്തിരയുവാൻവേണ്ടി താൻ വിയന്മാർഗ്ഗത്തിൽ സഞ്ചരിക്കുവാൻ പോകയാണെന്നു മാധവൻ മുനിയോടു പറഞ്ഞു. ധിക്കാരിയായ ഗയനെ ഭഗവാൻെറ സഞ്ചാരത്തിലെങ്ങാനും കണ്ടുമുട്ടിയോയെന്നുള്ള ചോദ്യത്തിനു മഹർഷി പറഞ്ഞ മറുപടി ഏത്രയും രസപ്രദമായിരുന്നു. ആശ്രിതസംരക്ഷകനെന്നു സുപ്രസിദ്ധനായ സാക്ഷാൽ അർജ്ജുനനെ ശരണംപ്രാപിച്ചിരിക്കുന്ന ഗയനെ കാണണമെങ്കിൽ ദ്വൈതാടവിയിൽതന്നെ അന്വേഷിക്കണമെന്നു നാരദൻ പറഞ്ഞപ്പോൾ സംഗതികളെല്ലാം ഭഗവാനു മനസ്സിലായി. തൻെറ വിനീതദാസനെന്നു സുദൃഢം വിശ്വസിച്ചിരുന്ന അർജ്ജുനൻ ഇപ്രകാരമൊരു കൃത്യം ചെയ്തതോർത്തു ഭഗവാൻ അത്യന്തം കോപിച്ചു. തന്നോട് ഇത്രനാളും മിത്രഭാവനയോടുകൂടി വർത്തിച്ചിരുന്ന അർജ്ജുനൻ തൻെറ ശത്രുവായിരിപ്പായെന്നു പോലും അദ്ദേഹം ഒരു നിമിഷത്തിൽ വിചാരിച്ചുപോ

ഷി. ഭഗവാൻ സുഭദ്രയെ വിളിച്ചു ഗയനെ ഉപേക്ഷിക്കാ
ത്തപക്ഷം അൎജ്ജുനനു നേരിടുവാൻപോകുന്ന അത്യാപ
ത്തിനെപ്പററി പറഞ്ഞു. സുഭദ്ര വളരെ വ്യസനിച്ചു വിവര
മെല്ലാം തന്റെ ഭൎത്താവിനെ ധരിപ്പിച്ചു. അൎജ്ജുനനാ
കട്ടെ ഒട്ടും കലുങ്ങാതെ തന്റെ പ്രിയതമയോടിങ്ങിനെ
പറഞ്ഞു:—"അല്ലയോ വല്ലഭേ: ഭവതി ഒട്ടും ഖേദിക്കണ്ട.
ശ്രീകൃഷ്ണഭഗവാൻമൂലം മരിക്കുവാനാണ് അൎജ്ജുനനു വി
ധിയെങ്കിൽ അതിനെ മാററുവാൻ ആൎക്കും കഴികയില്ല.
തന്റെ കാല്ക്കൽവന്നു വീണു കേണു രക്ഷിക്കണമെന്നു
പ്രാൎത്ഥിക്കുന്ന ഒരുവനെ എങ്ങിനെയാണ് ഉപേക്ഷിക്കു
ന്നതു്? ഞാൻ എന്റെ സത്യത്തെ ഒരിക്കലും ലംഘനം
ചെയ്യുകയില്ലെന്നു സത്യസ്വരൂപനായ ഭഗവാനോടു പറ
ഞ്ഞാലും." വിവരമെല്ലാം സുഭദ്ര ഭഗവാനെ ധരിപ്പിച്ചു.

യുദ്ധംകൊണ്ടല്ലാതെ കാൎയ്യം കലാശിക്കയില്ലെന്നു
ഭഗവാനു ബോദ്ധ്യംവന്നു. യുദ്ധത്തിനുള്ള വട്ടങ്ങളെല്ലാം
കൂട്ടി. സൈന്യങ്ങളെല്ലാം യുദ്ധക്കളത്തിൽ അണിയണി
യായി നിരന്നുതുടങ്ങി. ശ്രീകൃഷ്ണൻ നിശിതമായ ഒരു ശ
രം കയ്യിലെടുത്തു് അൎജ്ജുനനോടു് ഇപ്രകാരം പറഞ്ഞു:—
"നിയമവിരോധം ചെയ്ത ഗയനെവിട്ടുതരാത്തപക്ഷം ഗ
യനും, അൎജ്ജുനനും ഭൂമിയിൽ ജീവിച്ചിരിക്കയില്ലെന്നു
തന്നെയല്ലാ ഭൂലോകത്തിനു മുഴുവനും അതൊരു നാശ
കാരണമായി തീരുകയും ചെയ്യും." ഭഗവാന്റെ വാക്കു
കേട്ടു് അൎജ്ജുനൻ താൻ അതിനു സന്നദ്ധനല്ലെന്നും, സ
ത്യസംരക്ഷണത്തിനു വേണ്ടിയാണു താൻ യുദ്ധക്കള
ത്തിൽ വന്നിട്ടുള്ളതെന്നും മറുപടിപറഞ്ഞു.

ഭഗവാന്റെ ക്ഷമയെല്ലാം നശിച്ചു. ഇരുവരും അസ്ത്രവൎഷം തുടങ്ങി. ഭഗവാൻ-എയ്യുന്ന അസ്ത്രങ്ങളെല്ലാം അൎജ്ജുനൻ കൂസൽകൂടാതെ മുറിച്ചു. ഭഗവാൻ കലശലായി കോപിച്ചു. തന്റെ തൃച്ചക്രം കയ്യിലെടുത്തു. തേജോമയമായ സുദൎശനചക്രം കയ്യിലെടുത്തു പിടിച്ചപ്പോൾ ലോകം മുഴുവനും പ്രകാശംകൊണ്ടു് ഉജ്ജ്വലിച്ചു. ബ്രഹ്മാദികളെല്ലാം ഭയപ്പെട്ടു. അൎജ്ജുനൻ ഒട്ടും അധൈൎയ്യപ്പെടാതെ മഹേശ്വരദത്തമായ പാശുപതാസ്ത്രമെടുത്തു തൊടുത്തു. ചക്രാസ്ത്രങ്ങളുടെ സംഘട്ടത്തിൽനിന്നു സംജാതമായ ദിവ്യദീപ്തി സകലരേയും ഭയപരവശരാക്കി. ബ്രഹ്മാവും, ശിവനും യുദ്ധാങ്കണത്തിൽ എഴുന്നള്ളി. രണ്ടുപേരേയും സമാധാനപ്പെടുത്തി. കാൎയ്യമെല്ലാം മംഗളമായി കലാശിപ്പിക്കാമെന്നുള്ള കരാറിന്മേൽ കമലലോചനൻ അൎജ്ജുനന്റെ പക്കൽനിന്നും ഗയനെ വാങ്ങി ശ്രീകൃഷ്ണനു കൊടുത്തു. ഭവാൻ ഗയന്റെ കഴുത്തറുത്തു തന്റെ സത്യത്തെ സംരക്ഷിച്ചു. ബ്രഹ്മദേവൻ ഉടൻതന്നെ ഗയനെ ജീവിപ്പിച്ചു. അൎജ്ജുനനും സന്തുഷ്ടനായി. പാണ്ഡവന്മാരെല്ലാവരും ശ്രീകൃഷ്ണഭഗവാനെ നമസ്കരിച്ചു. പാണ്ഡവന്മാരും, കൃഷ്ണനും, യോജിച്ചതു കണ്ടപ്പോൾ ദുൎയ്യോധനാദികൾ പണ്ടത്തെപ്പോലെ അസൂയാമലീമസരായിത്തീൎന്നു. നാരദൻ ആസമയം അവിടെ എഴുന്നള്ളി. ബലഭദ്രർ അദ്ദേഹത്തെ സാദരം ഉപചരിച്ചു. അജ്ഞാതമായിക്കിടന്ന അനേകം സംഗതികളെ അറിവാനിടവരുത്തിയ നാരദമഹൎഷിയെ എല്ലാവരും മുക്തകണ്ഠം പ്ര

പ്രശംസിച്ചു് അവരവരുടെ സ്ഥലങ്ങളിലേയ്ക്കു ഗമിക്കുകയും ചെയ്തു.

ത്രിപുരന്മാരുടെ ഉപദ്രവങ്ങളെ സഹിക്കാൻവയ്യാതായപ്പോൾ ദേവേന്ദ്രൻ തന്റെ അനുചരന്മാരൊരുമിച്ചു മഹാവിഷ്ണുവിനെക്കണ്ടു സങ്കടമുണർത്തിച്ചു. ഭക്തന്മാരുടെ ഏതപേക്ഷകളേയും സാധിച്ചുകൊടുക്കുവാൻ ബദ്ധകങ്കണനായ അദ്ദേഹം ദേവാദികളെ രക്ഷിച്ചുകൊള്ളാമെന്നു വാക്കുകൊടുത്തു് അവരെ യാത്രയയച്ചു. അധർമ്മമൂർത്തികളായ ത്രിപുരന്മാരെ വധിക്കുവാനുള്ള വഴിയെന്തെന്നു് അദ്ദേഹം ആലോചിച്ചുതുടങ്ങി. വിഷവൃക്ഷത്തെ നട്ടുവളർത്തി താനേ വെട്ടിക്കളയേണ്ടിവന്നതിൽ അദ്ദേഹത്തിനു പരിതാപമുണ്ടായി. യാതൊരവതാരവുമെടുക്കാതെ ഈ കാര്യം നിർവ്വഹിക്കണമെന്നു ഭഗവാൻ നിശ്ചയിച്ചു. ഏതുകാര്യവും ബഹളമൊന്നും കൂട്ടാതെ അത്യന്തം സരസമായ രീതിയിൽ അനുഷ്ഠിച്ചു ഫലിപ്പിക്കുവാനൊരു പ്രത്യേകപാടവമുള്ള നാരദമാമുനിയെക്കൂടി ശ്രീവിഷ്ണുഭഗവാൻ തന്റെ സഹായത്തിനായി വിളിച്ചു. ഗൌരവതരമായ ഈ കാര്യം എത്രയും, നിഷ്പ്രയാസമായി സാധിക്കുവാൻ നാരദനെപ്പോലെ വൈഭവമുള്ള മറെറാരുകൂട്ടുകാരനെ തനിക്കു കിട്ടുകയില്ലെന്നു ഭഗവാനു ബോദ്ധ്യമായിരുന്നു. രണ്ടുപേരുംകൂടി ത്രിപുരന്മാരെ ഒടുക്കുവാനുള്ള വഴികളെപ്പററി ആലോചിച്ചുതുടങ്ങി: നാരദന്റെ അഭിപ്രായപ്രകാരം ശ്രീവിഷ്ണുഭഗവാൻ ബുദ്ധതാപസവേഷം ധരിച്ചു. ക്ഷീരസാഗരവാരിപോലെ ധവളധവളമായ, ആ നീണ്ട താടിയും അതിമനോഹരമായ കാ

ഷായാംബരവും കാണുന്ന ഏതൊരുവനും ഒരൊന്നാന്തരം സന്ന്യാസിയാണു തന്റെ മുമ്പിൽ നില്ക്കുന്നതെന്നു സമ്മതിക്കാതിരിക്കയില്ല. നാരദമഹാമുനി ശിഷ്യവേഷം നടിച്ച് ഒരു ഗ്രന്ഥവും നിവൎത്തിക്കൊണ്ടു ഭഗവാന്റെ പുറകെ കൂടി. രണ്ടുപേരും ഒരുമിച്ചു ത്രിപുരന്മാരുടെ ആസ്ഥാനമണ്ഡപമായ ഒരാൽത്തറയിൽ ചെന്നിരിപ്പായി. ത്രിപുരന്മാർ ഒത്തുകൂടുന്ന ആ ആൽത്തറ ഏത്രയും വിശിഷ്ടമായിരുന്നു. മററാരുത്തൎക്കും അവിടെ കയറിയിരിക്കുന്നതിനുപോലും ധൈൎയ്യമില്ലായിരുന്നു. മൂന്നുലോകവും ജയിച്ചു ജയഭേരി മുഴക്കി എതിരാളികളാരുമില്ലാതെ അഹങ്കരിച്ചുനടക്കുന്ന ഈ മൂന്നു സഹോദരന്മാരും ഓരായിരം വൎഷം തികയുമ്പോഴാണു പ്രസ്തുത ബോധിമരച്ചുവട്ടിൽ ഒത്തുകൂടുന്നതു്. തങ്ങളുടെ സങ്കേതസ്ഥാനത്തിൽ യാതൊരു കൂസലുംകൂടാതെ നിവസിക്കുന്ന് അദ്ധ്യയനംചെയ്യുന്ന ഒരു ശിഷ്യനേയും, ആ ശിഷ്യനെ ശ്രദ്ധയോടുകൂടി പഠിപ്പിക്കുകയും, ഇടയ്ക്കിടയ്ക്കു പ്രഹരിക്കുകയും ചെയ്തുകൊണ്ടു പ്രശാന്തഗംഭീരനായി സ്ഥിതിചെയ്യുന്ന ഒരു ഗുരുനാഥനേയും കണ്ടപ്പോൾ മുപ്പുരന്മാൎക്കു് അല്പം പരിഹാസവും, അത്ഭുതവും തോന്നി. ധിക്കാരികളാണെങ്കിലും അതിനവവും, അതിമോഹനവുമായ വസ്ത്രധാരണത്താലും, തേജോമയമായ ആകൃതിയാലും ആകൎഷണീയരായ അവർ ആരെന്നറിയുവാൻ ആ സഹോദരന്മാൎക്കു് ആഗ്രഹമുണ്ടായി. തങ്ങളുടെ കേന്ദ്രസ്ഥാനമായ ബോധിവൃക്ഷച്ചുവട്ടിൽ വന്നിരിക്കാനുള്ള കാരണവും, മററു വിവരങ്ങളുമെല്ലാം

വിസ്തരിച്ചുപറയണമെന്നു ത്രിപുരന്മാർ താപസേശ്വര
നോടു് ആവശ്യപ്പെട്ടു. മനോഷിതാനുരൂപമായ വാക്കു
കൾ കേട്ടു സന്ന്യാസിയും, ശിഷ്യനും വളരെ സന്തോഷി
ച്ചു. ബുദ്ധതാപസൻ ഇങ്ങനെ പ്രവചിച്ചു. വിക്രമശാലി
കളായ നിങ്ങളുടെ വാസസ്ഥാനം കണ്ടുപിടിക്കണമെ
ന്നു ഞങ്ങൾ വളരെ നാളായി ആഗ്രഹിച്ചുകൊണ്ടിരിക്കു
യാണു്. നിങ്ങളെക്കാണ്മാൻ സാധിച്ചതിൽ വലുതായ ചാ
രിതാർത്ഥ്യമുണ്ടു്. ഏറ്റവും സാരമായ ബൌദ്ധശാസ്ത്രത്തി
ന്റെ പ്രചരണാർത്ഥം ഞങ്ങൾ ദിക്കുകൾതോറും സഞ്ചരിക്ക
യാണു്. നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എത്രയോ പരി
താപകരമാണെന്നു് ഒരു പക്ഷേ നിങ്ങൾക്കറിഞ്ഞുകൂടാ
യിരിക്കാം. നിങ്ങൾ തുലോം പരിഹാസജനകമായ നി
ലയിലാണു് ഇപ്പോൾ എത്തിയിരിക്കുന്നതു്. കുങ്കുമം, പ
നിനീർ, ചന്ദനം മുതലായ വിശിഷ്ടവസ്തുക്കൾകൊണ്ടു്
അലംകൃതമാകേണ്ട നിങ്ങളുടെ കമനീയകളേബരം മുഴുവ
നും ചാരംപൂശിയിരിക്കുന്നതു് എന്തൊരു കാർയ്യസാദ്ധ്യ
ത്തിനാണു്? യാതൊരു ഗ്രന്ഥങ്ങളിലും ഇങ്ങനെയുള്ള വി
ധി കാണുന്നില്ല. തപസ്സെന്നും പറഞ്ഞു കണ്ട കാടുകളി
ലെല്ലാം അലഞ്ഞുനടന്നു പട്ടിണികൊണ്ടു പരവശരായി
കഴിഞ്ഞുകൂടുന്നതു് എത്ര ഭോഷത്തരമാണു്. ശിവനെ
ന്നൊരീശ്വരൻ ഒരിക്കലും ഉണ്ടായിട്ടില്ല. ഇനി ഒരിക്കലും
ഉണ്ടാകയുമില്ല. ഉരഗാഭരണനെന്നും, ചന്ദ്രചൂഡനെ
ന്നും, കപാലമാലാധരനെന്നും മറ്റും പറഞ്ഞു വെറുതെ
ജീവിതം പാഴാക്കേണ്ട. സാരസ്വച്ഛമായ ബൌദ്ധശാ

സ്സം ഒരു നിമിഷം പോലും കളയാതെ എന്റെ അടുക്കലിരുന്നു പഠിച്ചുകൊള്ളുവിൻ.

സന്ന്യാസിയുടെ വാക്കുകൾകേട്ടു ത്രിപുരന്മാർ കോപാന്ധരായി. തങ്ങൾ ഹൃദയപൂർവ്വം ആരാധിക്കുന്ന ശ്രീമഹാദേവനെ നിന്ദിച്ചുപറയുന്ന ബൗദ്ധസന്ന്യാസിയുടെ നാക്ക് അറുത്തുകളയുമെന്നും മറ്റും പറഞ്ഞു ത്രിപുരന്മാർ ബഹളംകൂട്ടി. സന്ന്യാസിയേയും, ശിഷ്യനേയും ബോധിവൃക്ഷച്ചുവട്ടിൽനിന്നാട്ടിക്കളയുവാൻ അവർ നിശ്ചയിച്ചു.

ത്രിപുരന്മാരുടെ ഭാവംകണ്ടു കപടവേഷധാരിയായ മുകുന്ദൻ പുഞ്ചിരിതൂകിക്കൊണ്ടു വീണ്ടും പറഞ്ഞുതുടങ്ങി. നിങ്ങൾക്ക് അപ്രിയം തോന്നത്തക്ക ഒരൊറ്റവാക്കും ഞാൻ പറഞ്ഞിട്ടില്ല. പഞ്ചേന്ദ്രിയങ്ങൾകൊണ്ടു നോക്കിട്ടും ശിവനുണ്ടെന്നറിവാൻ കഴിഞ്ഞിട്ടില്ല. പ്രത്യക്ഷത്തിനു വിപരീതമായ രീതിയിൽ നിങ്ങൾ ശിവനെ ഭജിക്കുന്നതു മൂഢത്വമാണ്. കുതിരയ്ക്കു രണ്ടു കൊമ്പുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാമെങ്കിൽ ശിവനുണ്ടെന്നും വിശ്വസിക്കാം. സൃഷ്ടനല്ലാതെ വേറെ യാതൊരീശ്വരനുമില്ല. കഴിയുന്നിടത്തോളം കാലം സുഖമായി കഴിഞ്ഞുകൂടണം. ചതുർവ്വിധമായി ഊണുകഴിക്കണം. ദേവലോകമെന്നും മറ്റും പറയുന്നതു വെറും കളവാണ്. ഭസ്മീഭൂതമായ ദേഹത്തിനു പുനരാഗമനമില്ല. ദൃശ്യമായ ഈ പ്രപഞ്ചം നശ്വരമെന്നും, അദൃശ്യമായ വസ്തുക്കളെല്ലാം അനശ്വരമെന്നും വിശ്വസിക്കുന്നതിൽപരം വിഡ്ഢിത്വം മറ്റെന്താണുള്ളതു? ശിവനെന്നും, വിഷ്ണുവെന്നും മറ്റുംപേരുപറയുന്ന ഈ

ട്ടരെക്കൊണ്ടു ലോകവാസികൾക്കാൎക്കും ഒരു ഗുണവുമില്ല. ജന്മം പാഴിലാക്കിക്കളയാതെ നിങ്ങൾ ഉത്തമമായ ബൌദ്ധശാസ്ത്രം പഠിക്കുവിൻ!

ഈവിധമായ പ്രസംഗം കേട്ടുകേട്ടു ത്രിപുരന്മാരുടെ വിശ്വാസമെല്ലാം ദൂരെപ്പോയി. ഈശ്വരനില്ലെന്നൊരു ബോധം അവരുടെ ഉള്ളിൽ ഉദിച്ചു. ശിവനെക്കുറിച്ച് അവൎക്ക് അതികലശലായ ആക്ഷേപം തോന്നി. ഇത്രനാളും അപ്രകാരമുള്ള ഒരാളെ സേവിച്ചതിൽ അവൎക്ക് വളരെ കുണ്ഠിതമായി. കഴിയുന്നത്രശിവനെനിന്ദിക്കണമെന്നു തന്നെ അവർ നിശ്ചയിച്ചുറച്ചു. ശിവനില്ലാ, ശിവനില്ലാ എന്ന മന്ത്രം തന്നെ അവർ എപ്പോഴും ഉരുവിട്ടുതുടങ്ങി. ഗുരുവായ സന്യാസിയുടെ മുമ്പിൽ ഇരിക്കുന്നതു പാപമെന്നു കരുതി മൂന്നുപേരും എഴുന്നേറ്റുനിന്നു. അവർ ബൌദ്ധസന്യാസിയെ ആദരിച്ചു ശിഷ്യനായി കൂടിയിരിക്കുന്ന നാരദന്റെ അരികിൽ ചെന്നിരിപ്പായി. ഉത്തമോത്തമമായ ബൌദ്ധശാസ്ത്രം ഞങ്ങൾക്കും അഭ്യസിക്കണമെന്നും, മേലാൽ സകല സംഗതികളിലും ബൌദ്ധസന്യാസിയെ തന്നെ ഗുരുവായി വരിച്ചിരിക്കുന്നുവെന്നും ത്രിപുരന്മാർ വിനയപൂൎവ്വം പറഞ്ഞുതുടങ്ങി. ഇഷ്ടംപോലെ ചെയ്യുവാൻ താൻ സന്നദ്ധനെന്നു യോഗീന്ദ്രൻ അരുളിച്ചെയ്തു. മൂന്നുപേൎക്കും വളരെ സന്തോഷമായി. നാരദന്റെ കയ്യിലിരുന്ന ഗ്രന്ഥം വാങ്ങി താരകാക്ഷന്റെ കയ്യിൽ കൊടുത്തു. താരകാക്ഷൻ ഭക്തിപൂൎവ്വം വന്ദിച്ച് ആ ഗ്രന്ഥം വാങ്ങി കണ്ടതെല്ലാം സത്യമാണെന്നും, കാണാത്തതെല്ലാം അ-

സത്യമാണെന്നും ഉള്ള തത്വമാണ യോഗി ആദ്യമായി ത്രിപുരന്മാരെ പഠിപ്പിച്ചത്. താൻ ഉണ്ടെന്നു പറയുന്നതെല്ലാം ഉള്ളതാണെന്നും, ഇല്ലെന്നു പറയുന്നതെല്ലാം ഇല്ലാത്തതാണെന്നും സന്ന്യാസി ഒരു പരീക്ഷമൂലം അവൎക്കു കാണിച്ചുകൊടുത്തു. തന്റെ കമണ്ഡലുവിൽനിന്നു കുറെ ജലമെടുത്ത് ഇല്ല എന്നുള്ള ഭാവനയോടുകൂടി തളിച്ചപ്പോൾ ബോധിവൃക്ഷം ഭസ്മമായി. ഉണ്ട് എന്ന ഭാവനായോടുകൂടി വീണ്ടും തളിച്ചപ്പോൾ പണ്ടത്തെ അരയാലും പ്രത്യക്ഷമായി. ത്രിപുരന്മാരുടെ വിശ്വാസം ശതഗുണീഭവിച്ചു. അവർ വഴിപോലെ അദ്ധ്യയനം തുടങ്ങി. കാൎയ്യമെല്ലാം ഉറച്ചുതുടങ്ങിയപ്പോൾ നാരദൻ മെല്ലെ എഴുന്നേറ്റു ത്രിപുരന്മാരുടെ ഭാൎയ്യാഗൃഹത്തിലേക്കു നടകൊണ്ടു. മൂന്നുപേരുടെ ഗൃഹത്തിലും മാറി സഞ്ചരിച്ച് അവിടെയെല്ലാം ചാൎവ്വാകമതം പരത്തി. ത്രിപുരന്മാരുടെ പത്നിമാരെല്ലാം തന്നെ അവരേക്കാളും വലിയ നിരീശ്വരവാദികളായി പരിണമിച്ചു. അല്പകാലംകൊണ്ടു ത്രിപുരന്മാർ ബൌദ്ധശാസ്ത്രം മുഴുവനും പഠിച്ചു ദക്ഷിണചെയ്തു.

ശിവനില്ലെന്നുള്ള മന്ത്രം മൂന്നുപേരും ഭക്തിപൂൎവ്വം ജപിച്ചുതുടങ്ങി. ശിവലിംഗം തല്ലിയുടച്ചു. രുദ്രാക്ഷം തവിടുപൊടിയാക്കി. പുലിത്തോലെല്ലാം വലിച്ചുകീറിയെറിഞ്ഞുകളഞ്ഞു. ജടകളെല്ലാം വടിപ്പിച്ചു. ചാരമെല്ലാം മാച്ചു. മൂന്നുപേരും ഒന്നാന്തരം സുമുഖന്മാരായി. ഇത്രയുമായപ്പോൾ സന്ന്യാസി യാത്രപറഞ്ഞു പിരിഞ്ഞു. നാരദൻ വിവരമെല്ലാം പരമശിവനോടുണൎത്തിക്കുവാൻ കൈലാ

സത്തേജസ്സും നടകൊണ്ടു. മഹർഷിവര്യൻ ചന്ദ്രചൂഡനെ കണ്ടു വന്ദിച്ചു. ഭഗവാൻ നാരദനെ അരികിലിരുത്തി. എന്തെങ്കിലും വിശേഷവുംകൊണ്ടല്ലാതെ മഹർഷി തന്നെ കാണ്മാൻ വരികയില്ലെന്നു ശിവന് നിശ്ചയമുണ്ടായിരുന്നു. വന്ന കാര്യമെല്ലാം എളുപ്പം പറഞ്ഞുതീക്കണമെന്നു ഭഗവാൻ നാരദനോടു പറഞ്ഞു. ചതുരനായ നാരദൻ സാവധാനത്തിൽ വർത്തമാനമാരംഭിച്ചു. "അല്ലയോ ഭഗവാനെ! വന്ന കാര്യങ്ങളെല്ലാമുണർത്തിക്കുവാൻ എനിക്കു തീരെ സുഖം തോന്നുന്നില്ല. ഇത്രനാളും ഭഗവൽഭക്തന്മാരെന്നു നടിച്ചു നടന്നിരുന്ന ത്രിപുരന്മാരുടെ ഇപ്പോഴത്തെ ചരിത്രങ്ങൾ എത്രയും വിചിത്രമെന്നേ പറയേണ്ടു. ചന്ദനമെന്നോർത്ത വൃക്ഷം കാഞ്ഞിരമായിട്ടാണു ചമഞ്ഞതു്. ത്രിപുരന്മാർ ഭഗവാനെ ദുഷിച്ചുകൊണ്ടു നടക്കുന്നതിനു കയ്യും, കണക്കുമില്ല. ശിവനെന്നുള്ള നാമം എത്രയോ മധുരതരമായിത്തോന്നിയിരുന്ന ത്രിപുരന്മാക്കു് ഇപ്പോൾ ഇത്രയും വിരോധമുള്ള മറെറാരു പേരില്ലെന്നായിത്തീന്നിരിക്കുന്നു. ശിവനില്ല, ശിവനില്ല, ശിവനില്ല എന്നുള്ള മന്ത്രം മൂന്നുപേരും ഒരേരാഗത്തിൽ തന്നെ ഉച്ചരിച്ചു കാമഭ്രാന്തന്മാരായി കഴിച്ചുകൂട്ടുന്നു. അവർമൂലം ലോകമെല്ലാം മുടിഞ്ഞു." നാരദൻെറ വാക്കുകൾ കേട്ടപ്പോഴയ്ക്കു കാലകാലൻെറ ഭാവമെല്ലാം പകന്നു. ഭഗവാൻെറ നയനം കല്പാന്താനലനെപ്പോലെ എരിഞ്ഞു. ഭുജംഗഭൂഷണൻെറ വേഷപ്പകച്ച കണ്ടു ഭൂതഗണങ്ങളെല്ലാം സംഭ്രമിച്ചു. ദേവകളെല്ലാം ഭഗവാനെ സ്തുതിച്ചു. തൽക്ഷ-

ണം തന്നെ യുദ്ധസാമഗ്രികളെല്ലാം വന്നുചേൎന്നു. ഭൂമിദേ
വി രഥമായി. ബ്രഹ്മാവു സാരഥിയായി. വേദങ്ങൾ നാ
ലും കുതിരകളായി. പ്രണവം ചമ്മട്ടിയായി. ഭഗവാൻെറ
കോപം വൎദ്ധിച്ചു. ചാപമാകുന്ന മഹാമേരുശൈലത്തെ
വളച്ചു പിടിച്ചു വിഷ്ണുവാകുന്ന അമ്പുചേൎത്തു ഭഗവാൻ ത്രി
പുരന്മാരെ അരനിമിഷംകൊണ്ടു ഭസ്മമാക്കി.

ഇത്രയുമുള്ള പ്രതിപാദനംകൊണ്ടു നാരദൻെറ
സ്വഭാവവും, ഉദ്ദേശവും ഏതു തരത്തിലുള്ളതാണെന്ന് ഏ
കദേശം മനസ്സിലാക്കുവാൻ കഴിയും. ദുൎമ്മദാന്ധന്മാരെ മ
ൎയ്യാദ പഠിപ്പിക്കുവാൻ നമ്മുടെ മഹൎഷിവൎയ്യൻ പ്രയോഗി
ക്കാറുള്ള വിദ്യ എത്രയോ അഭിനന്ദനാൎഹമെന്ന് അദ്ദേഹ
ത്തിൻെറ ഉററ വിരോധികൾപോലും സമ്മതിക്കുമെന്നു
തോന്നുന്നു. പശ്ചാലോചനാപരാങ്മുഖന്മാരുടെ ദൃഷ്ടി
യിൽ ദോഷഭൂയിഷ്ഠമെന്നു തോന്നുന്നവയും, എന്നാൽ
ലോകോപകാരത്തിനു സൎവ്വദാ പൎയ്യാപ്തമായിട്ടുള്ളവയുമാ
യ അനേകം കൃത്യങ്ങളിൽ ഭാഗഭാക്കായിരുന്നിട്ടും നമ്മു
ടെ മഹൎഷിവൎയ്യനെപ്പററി യാതൊരു പരാതിയും ഉണ്ടാ
യിട്ടില്ലെന്നുള്ളതുതന്നെ അദ്ദേഹത്തിൻെറ സൎവ്വതോമുഖ
മായ യോഗ്യതകൾക്കു പ്രത്യക്ഷലക്ഷ്യമാകുന്നു. അനേകം
ദുഷ്ടന്മാരെ ശാപപ്രയോഗമൊന്നുംകൂടാതെ തന്നെ വിശി
ഷ്ടന്മാരാക്കുവാൻ ഈ സരസൻ സാധിച്ചിട്ടുണ്ട്. മററുള്ള
വർ വളരെ പണിപ്പെട്ടുമാത്രം നിൎവ്വഹിക്കുന്ന കാൎയ്യം ഒ
ററവാക്കുകൊണ്ടോ, ഒററ നോക്കുകൊണ്ടോ ശരിയാക്കു
വാൻ നമ്മുടെ മഹൎഷിവൎയ്യനു ലേശവും, ക്ലേശമുണ്ടായിരു

ന്നില്ല. ദേവന്മാക്കൊരു താങ്ങായി നിന്നുകൊണ്ടു് എത്ര
എത്ര സൽപ്രവൃത്തികളാണു് ഇദ്ദേഹം ചെയ്തിട്ടുള്ളതെ
ന്നു കണക്കില്ല. തന്റെ അതിവിശാലമായ ലോകപരി
ജ്ഞാനവും, അത്യഗാധമായ ആത്മജ്ഞാനവും പ്രായോ
ഗികമാക്കിത്തീൎക്കുവാനാണു് ഇദ്ദേഹം പ്രയത്നിച്ചിട്ടുള്ള
തു്. പ്രധാനപ്പെട്ട എല്ലാസംഗതികളിലും ഇദ്ദേഹത്തിനു
പങ്കുണ്ടു്. ഇദ്ദേഹം ആനന്ദജീവിതത്തിന്റെ മാൎഗ്ഗദൎശി
യായിരുന്നു. പ്രപഞ്ചനാടകത്തിന്റെ സൂത്രധാരത്വം മു
ഴുവനും തന്റെ കൈവശമാണെങ്കിലും തനിക്കു് അങ്ങി
നെയുള്ള ഭാവമൊന്നുമില്ല. നാരദന്റെ ഓരോ പ്രവൃത്തി
കളിലും, ഓരോ വാക്കുകളിലും സാരസ്യാമൃതം തുളുമ്പി
ക്കൊണ്ടിരുന്നു. വാണീവിലാസംകൊണ്ടു സകലജനങ്ങ
ളേയും വശീകരിക്കുവാനും, അത്ഭുതപ്പെടുത്തുവാനും കഴി
വുള്ള ഇദ്ദേഹം തന്റെ സാമൎത്ഥ്യത്തെ ന്യായമായ പഥ
ത്തിൽക്കൂടി മാത്രമേ വിനിയോഗിച്ചിട്ടുള്ളു. എത്ര ദുഃഖി
തനായിട്ടുള്ളവനും നാരദൻ എന്ന നാമം കേൾക്കു
മ്പോൾ അളവില്ലാത്ത ആനന്ദം തോന്നാറുണ്ടു്. ആ മൂ
ന്നക്ഷരത്തിൽ അന്തൎഭവിച്ചിട്ടുള്ള ആനന്ദവും, സാരസ്യ
വും അവൎണ്ണനീയമത്രേ. ഓരോരുത്തരുടെ വിചാരത്തിനും
വാസനക്കും അനുരൂപമാംവണ്ണം വൎണ്ണിക്കുവാനുള്ള സം
ഗതികൾ ആ പേരിനകത്തു ലയിച്ചുകിടപ്പുണ്ടു്. നാരദ
ന്റെ പേരു കേൾക്കാത്തവരോ, അദ്ദേഹത്തെപ്പററിയുള്ള
ഒരു കഥയെങ്കിലും അറിഞ്ഞുകൂടാത്തവരോ ആരും തന്നെ
യില്ല. മററു മഹൎഷിമാരെപ്പററി യാതൊരു വിവരവും അ

റിഞ്ഞുകൂടാത്തവനും നാരദനെപ്പറ്റി ഒരു സാമാന്യബോധമുണ്ടു്. കുടിലുതൊട്ടു കൊട്ടാരംവരെ നാരദശബ്ദം പ്രതിദിനം ഉപയോഗിക്കാറുണ്ടു്. നാരദനെ വിസ്മരിക്കുവാൻ ആൎക്കും ഒരു കാലത്തും കഴികയില്ല. സുരസന്മാരുടെ സാൎവ്വഭൗമസ്ഥാനംപോലെ തന്നെ മഹൎഷിമാരുടെ സാൎവ്വഭൗമസ്ഥാനവും ഇദ്ദേഹത്തിനാണു കൊടുക്കേണ്ടതു്. ഓരോരുത്തരും അവരവരുടെ സരസ്വതീപ്രസാദംപോലെ അദ്ദേഹത്തെ വൎണ്ണിക്കട്ടെ. നാരദനോടുപമിക്കത്തക്ക യോഗ്യതയുള്ള ഒരാളുടെ പേരുപറയുവാൻ ഭാവിക്കുമ്പോഴാണു് ഏതുകേമന്മാരും കണ്ണുമിഴിച്ചുപോകുന്നതു്. നാരദനു സമനായി ആരുണ്ടെന്നു ചോദിച്ചാൽ അലങ്കാരശാസ്ത്രം അറിഞ്ഞുകൂടാത്തവനും അനന്വയാലങ്കാരത്തിൽതന്നെ ഉത്തരം പറയും.